
2025JANUARY
31
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# വാഷിങ്ടൺ വിമാന അപകടം
# വിമാനത്തിലുണ്ടായിരുന്ന 64 പേരുടേയും മരണം സ്ഥിരീകരിച്ചു



**വാഷിങ്ടൺ:** വാഷിങ്ടണിനു സമീപം റൊണാൾഡ് റീഗൻ ദേശീയ വിമാനത്താവളത്തിനടുത്ത് യു.എസ്. യാത്രാവിമാനം സേനാ ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ച് പോട്ടോമാക് നദിയിൽ വീണുണ്ടായ അപകടത്തിൽ വിമാനത്തിലുണ്ടായിരുന്ന 64 പേരുടേയും മരണം സ്ഥിരീകരിച്ചു. ഹെലികോപ്റ്ററിലുണ്ടായിരുന്ന മൂന്ന് പേരുടേയും മരണം സ്ഥിരീകരിച്ചിട്ടുണ്ട്. 40 പേരുടെ മൃതദേഹം കരയിലെത്തിച്ചു. 27 മൃതദേഹങ്ങൾ വിമാനത്തിനുള്ളിൽനിന്നാണ് കണ്ടെടുത്തത്. നദിയിൽ കൊടുംതണുപ്പായതിനാൽ ശേഷിക്കുന്നവരെ ജീവനോടെ കണ്ടെത്താൻ സാധ്യതകുറവാണെന്ന് നേരത്തെ തന്നെ സ്ഥിരീകരിച്ചിരുന്നു.

ബുധനാഴ്ച രാത്രി ഒമ്പതിന് (ഇന്ത്യൻ സമയം വ്യാഴാഴ്ച രാവിലെ 7.30) ആണ് അപകടമുണ്ടായത്. അമേരിക്കൻ ഈഗിളിന്റെ സി.ആർ.ജെ. 700 വിമാനത്തിൽ 60 യാത്രക്കാരും നാല് ജീവനക്കാരുമായിരുന്നു ഉണ്ടായിരുന്നത്. കാൻസസിലെ വിചടയിൽനിന്ന് വാഷിങ്ടണിലേക്കുള്ള യാത്രയിലായിരുന്നു വിമാനം. മൂന്ന് സൈനികരുമായി പരീക്ഷണപറക്കലിലായിരുന്നു അപകടത്തിൽപ്പെട്ട യു.എച്ച് 60 ബ്ലാക്ക്ഹോക്ക് ഹെലികോപ്റ്റർ. ലാൻഡിങ്ങിന് ശ്രമിക്കുന്നതിനിടെ ഹെലികോപ്റ്ററുമായി കൂട്ടിയിടിച്ചാണ് വിമാനം നദിയിലേക്ക് വീണത്.

വിചിടയിലെ പരിപാടിയിൽ പങ്കെടുത്ത് മടങ്ങിയ റഷ്യൻ വംശജരും മുൻ ലോക ചാമ്പ്യന്മാരുമായ യെവ്ജീനിയ ഷിഷ്കോവയും വാദിൻ നൗമോവും ഉൾപ്പെട്ട 13 ഐസ് സ്കേറ്റർമാരുടെ സംഘവും വിമാനത്തിലുണ്ടായിരുന്നു. എയർട്രാഫിക് കൺട്രോളും ഹെലികോപ്റ്ററുമായി നടത്തിയ അവസാന ആശയവിനിമയം പരിശോധിച്ചപ്പോൾ വിമാനം സമീപത്തുള്ള വിവരം ഹെലികോപ്റ്ററിന് അറിയാമായിരുന്നു എന്ന് മനസ്സിലായിട്ടുണ്ട്.

ഇതിനിടെ വിമാനത്തിന്റെ രണ്ട് ബ്ലാക്ക്ബോക്സുകളും കണ്ടെടുത്തു. സംഭവത്തിൽ പെന്റഗൺ അന്വേഷണം ആരംഭിച്ചു.

# സംസ്ഥാനത്ത് വൈദ്യുതി സർചാർജ് തുടരും

**തിരുവനന്തപുരം:** ഫെബ്രുവരിയിലും വൈദ്യുതി സർചാർജ് തുടരാൻ കെഎസ്ഇബി തീരുമാനം. കെഎസ്ഇബി സ്വമേധയാ നിശ്ചയിച്ച 10 പൈസയും റെഗുലേറ്ററി കമ്മിഷൻ അനുവദിച്ച 9 പൈസയുമാണ് ഇപ്പോൾ സർച്ചാർജായി ഈടാക്കുന്നത്. യൂണിറ്റിന് 10 പൈസ വച്ച് പിരിക്കുന്നത് തുടരും.

2024 ഡിസംബറിൽ വൈദ്യുതി വാങ്ങിയതിൽ 18.13 കോടിയുടെ അധിക ബാധ്യതയുണ്ട്. അതാണ് അടുത്ത മാസം സ്വന്തം നിലയിൽ സർചാർജ് പിരിക്കുന്നതെന്നും കെഎസ്ഇബി അറിയിച്ചു.

# സ്വർണ വില കുതിക്കുന്നു: പവന് 60,880 രൂപയായി



**കൊച്ചി:** റെക്കോഡ് ഭേദിച്ച് സ്വർണ വിലയിൽ കുതിപ്പ് തുടരുന്നു. വ്യാഴാഴ്ച പവന്റെ വില 120 രൂപ ഉയർന്ന് 60,880 രൂപയായി. ഗ്രാമിന്റെ വിലയാകട്ടെ 15 രൂപ കൂടി 7,610 രൂപയുമായി. ഇതോടെ ഒരു മാസത്തിനിടെ പവന്റെ വിലയിലുണ്ടായ വർധന 3,680 രൂപയാണ്. ഒരു വർഷത്തിനിടെയുള്ള വർധനവാകട്ടെ 14,640 രൂപയുമാണ്.

കുറഞ്ഞ ചെലവിലുള്ള എഐ സാധ്യതകളുമായി ഡീപ്സീക്ക് എത്തിയതിന് പിന്നാലെ യുഎസ് ഓഹരി വിപണിയിൽ നേരിട്ട തിരിച്ചടിയാണ് സ്വർണം നേട്ടമാക്കിയത്. ഇത്തവണ നിരക്കിൽ കുറവ് വരുത്തേണ്ടെന്ന യുഎസ് ഫെഡിന്റെ തീരുമാനവും സ്വർണ വിലയിൽ പ്രതിഫലിച്ചു.

രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ പത്ത് ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 81,007 രൂപ നിലവാരത്തിലാണ്.

# ബജറ്റ് സമ്മേളനം ഇന്നുതുടങ്ങും; സാമ്പത്തിക സർവേയും നിർണായക ബില്ലുകളും അവതരിപ്പിക്കും



**ന്യൂഡൽഹി :** പാർലമെന്റിന്റെ ബജറ്റ് സമ്മേളനം വെള്ളിയാഴ്ചയാരംഭിക്കും. ഇരുസഭകളെയും അഭിസംബോധനചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗം പുതിയ പാർലമെന്റ് മന്ദിരത്തിലെ ലോക്സഭാ ഹാളിൽ നടക്കും. തുടർന്ന്, രാജ്യത്തിന്റെ ധനസ്ഥിതി വ്യക്തമാക്കുന്ന സാമ്പത്തികസർവേ കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ വെക്കും. സമ്പൂർണബജറ്റ് ശനിയാഴ്ച അവതരിപ്പിക്കും.

ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടം ഫെബ്രുവരി 13ന് അവസാനിക്കും. വഖഫ് ഭേദഗതി, ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് തുടങ്ങിയ 62 ബില്ലുകളാണ് ഇക്കുറി ഇരുസഭകളിലുമായി പരിഗണനയിലുള്ളത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയം ഇരുസഭകളും ചർച്ചചെയ്ത് പാസാക്കും.

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി സർക്കാർ വിളിച്ച സർവകക്ഷി യോഗം വ്യാഴാഴ്ച ഡൽഹിയിൽ ചേർന്നു. വഖഫ് ഭേദഗതിബിൽ പരിശോധിച്ച സംയുക്ത പാർലമെന്ററിസമിതിയിൽ (ജെ.പി.സി.) പക്ഷപാതപരമായ നടപടികളാണുണ്ടായതെന്ന് പ്രതിപക്ഷം യോഗത്തിൽ ആരോപിച്ചു.

കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ അടിക്കടിയുണ്ടാകുന്ന വന്യജീവി ആക്രമണം, കർഷകപ്രശ്നങ്ങൾ, മഹാകുംഭമേളയിലുണ്ടായ ദുരന്തം, പി.എഫ്. ഉയർന്ന പെൻഷൻ നേരിടുന്ന പ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ പ്രതിപക്ഷ അംഗങ്ങൾ ഉന്നയിച്ചു. സർക്കാരിനെ പ്രതിനിധാനംചെയ്ത് കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, കിരൺ റിജിജു, ജെ.പി. നഡ്ഡ, അർജുൻ രാം മേഘ്വാൾ, എൽ. മുരുകൻ എന്നിവർ പങ്കെടുത്തു.

എല്ലാ വിഷയങ്ങളും ചർച്ചചെയ്യാൻ തയ്യാറാണെന്ന് മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ജയറാം രമേശ്, കൊടിക്കുന്നിൽ സുരേഷ്, ഗൗരവ് ഗോഗോയ് (കോൺഗ്രസ്), ഇ.ടി. മുഹമ്മദ് ബഷീർ (മുസ്ലിംലീഗ്), എൻ.കെ. പ്രേമചന്ദ്രൻ (ആർ.എസ്.പി.), ജോൺ ബ്രിട്ടാസ് (സി.പി.എം.), പി. സന്തോഷ് കുമാർ (സി.പി.ഐ.), കെ. ഫ്രാൻസിസ് ജോർജ് (കേരള കോൺഗ്രസ്) തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



## ബസ് ആന്റ് കാർ ഓപ്പറേറ്റേഴ്സ് കോൺഫഡറേഷൻ ഓഫ് ഇന്ത്യ: കേരള ഘടകം ഭാരവാഹികളെ തിരഞ്ഞെടുത്തു



ബിനു ജോൺ

**കൊച്ചി:** പൊതുഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകരുടെ വിവിധ സംഘടനകളുടെ ദേശീയ തലത്തിലെ കൂട്ടായ്മയായ ബസ് ആന്റ് കാർ ഓപ്പറേറ്റേഴ്സ് കോൺഫഡറേഷൻ ഓഫ് ഇന്ത്യയുടെ (ബി.ഒ.സി.ഐ) കേരള ഘടകം ചെയർമാനായി ബിനു ജോൺനെ(കോൺട്രാക്ട് ക്യാരേജ് ഓപ്പറ്റേഴ്സ് അസോസിയേഷൻ) തിരഞ്ഞെടുത്തു. സ്റ്റേജ് ക്യാരജ് വിഭാഗം വൈസ് ചെയർമാനായി ഹംസ എരിക്കുന്നേൽ (കേരള സ്റ്റേറ്റ്പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ), കോൺട്രാക്ട് ക്യാരേജ് വിഭാഗം വൈസ് ചെയർമാനായി എസ് പ്രശാന്തൻ (കോൺട്രാക്ട് ക്യാരേജ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ),ഇന്റർ സ്റ്റേറ്റ് വിഭാഗം വൈസ് ചെയർമാനായി മനീഷ് ശശിധരൻ (ഇന്റർ സ്റ്റേറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ കേരള), സ്റ്റാഫ് ട്രാൻസ്പോപോർട്ട് വിഭാഗം വൈസ് ചെയർമാനായി അനിൽ കുമാർ (എം.ജി എസ്) ,ടൂറിസ്റ്റ് ടാക്സി വിഭാഗം വൈസ് ചെയർമാനായി ബിനീഷ് കുമാർ (ഹൈലൈൻടൂർസ് ) ,സ്കൂൾ ട്രാൻസ്പോർട്ട് വിഭാഗം വൈസ് ചെയർമാനായി ബിസ്മോൻ ബേബി (ലിമ സ്കൂൾ ട്രാൻസ്പോപോർട്ടിംഗ്സ്) , മാക്സി ക്യാബ് വിഭാഗം വൈസ് ചെയർമാനായി ബാജി ജോസഫ് (പ്ലാറ്റിനം ടൂർസ് ) വാട്ടർ ട്രാൻസ്പോർട്ട് വിഭാഗം വൈസ് ചെയർമാനായി നിഷിജിത് കെ. ജോൺ (ക്ലാസിക്ക് ക്രൂസ്) സംസ്ഥാന കോഓർഡിനേറ്ററായി ഗോപിനാഥൻ തെക്കൂട്ട് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ) സംസ്ഥാന നിയമ സഹായ സമിതി അധ്യക്ഷനായി അഡ്വ അനൂപ് പി.എ.എന്നിവരെയും എക്സിക്കുട്ടീവ് കമ്മിറ്റി അംഗങ്ങളായി സക്കീർ കരിമക്കാട്ട്, രാജു ഗരുഡ ,ഡേവിസ് അങ്കമാലി, എം.എൻ അരുൺ, ടിറ്റോ ജോസ്, വിദ്യാധരൻ , സഞ്ജീവ് കുമാർ എന്നിവരെയും കൊച്ചിയിൽ നടന്ന ബി.ഒ.സി.ഐ സംസ്ഥാന നേതൃസംഗമം തിരഞ്ഞെടുത്തു.

## മലങ്കരസഭാക്കേസിൽ കണക്കെടുപ്പ് അപ്രസക്തമെന്ന സുപ്രീംകോടതി നിലപാടിനെ സ്വാഗതം ചെയ്യുന്നു: ഓർത്തഡോക്സ് സഭ

**കോട്ടയം :** മലങ്കരസഭാക്കേസിൽ വിശ്വാസികളുടെ കണക്കെടുക്കുന്നതിൽ പ്രസക്തിയില്ലെന്ന സുപ്രീംകോടതി നിലപാടിനെ ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്തു. കണക്കെടുപ്പ് നിലവിലെ സമാധാന അന്തരീക്ഷം തർക്കുമെന്ന ആശങ്ക ഓർത്തഡോക്സ് സഭ വ്യക്തമാക്കിയിരുന്നു. മലങ്കരസഭയുടെ 6 പള്ളികളുടെ കേസ് പരിഗണിച്ച സുപ്രീംകോടതി സർക്കാർ നൽകിയ കണക്ക് ഇപ്പോൾ പ്രസക്തമല്ലെന്ന് കണ്ടെത്തി. സർക്കാർ മുദ്രവെച്ച കവറിൽ സമർപ്പിച്ച രേഖകൾ സുപ്രീംകോടതി മടക്കിനൽകി. കണക്കുകൾക്കല്ല, മറിച്ച് മലങ്കരസഭാ ഭരണഘടനയ്ക്കാണ് പ്രസക്തിയെന്ന് ഒരിക്കൽക്കൂടി വ്യക്തമായതായി സഭയുടെ മാധ്യമവിഭാഗം തലവൻ ഡോ യൂഹാനോൻ മാർ ദിയസ്ക്കോറോസ് പ്രതികരിച്ചു.

തർക്കത്തിലുള്ള 6 പള്ളികളുടെ കേസ് വീണ്ടും ഹൈക്കോടതിയിലേക്ക് കൈമാറിയിരിക്കുകയാണ്. പ്രായോഗികമായി എങ്ങനെ വിധി നടപ്പാക്കാമെന്ന് ഹൈക്കോടതി പരിശോധിക്കണെന്ന് സുപ്രീംകോടതി നിർദേശിച്ചിട്ടുണ്ട്. നീതി നടപ്പാകുന്ന ദിനത്തിനായി സഭ കാത്തിരിക്കുന്നു.

അതേ സമയം നീതി നടപ്പാകുന്നതിനെ പള്ളികൾ പിടിച്ചെടുക്കുന്നു എന്ന വ്യാഖ്യാനിക്കുന്നത് ശരിയല്ല. കോടതി വിധികളിലൂടെ മലങ്കരസഭയുടെ പള്ളികൾ യഥാർത്ഥ അവകാശികളിലേക്ക് എത്തിച്ചേരുകയാണ് ചെയ്യുന്നത്. അത്തരത്തിൽ നീതി നടപ്പായ പള്ളികളിലെല്ലാം വിശ്വാസികൾ സമാധാനപരമായി ആരാധന നടത്തുമുണ്ട്. ന്യായമുള്ളവരുടെ പക്ഷത്ത് നീതി നടപ്പാകും എന്നത് പ്രപഞ്ചസത്യമാണ്. മലങ്കരസഭ ഒരു വിശ്വാസിയെയും പള്ളികളിൽ നിന്ന് പുറത്താക്കിയിട്ടില്ല. അതിനാൽ ഇടവകജനങ്ങൾ മുഴുവൻ മലങ്കരസഭാമക്കളാണെന്നും മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.

## ജില്ലാ ഇന്റർ സ്കൂൾ ബാസ്കറ്റ്ബോൾ തേവര എസ് .എച്. സി.എം.ഐ സ്കൂൾ വിജയികൾ

**കൊച്ചി:** വൈ.എം.സി.എയുടെ സൗത്ത് ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ അണ്ടർ 13 പെൺകുട്ടികൾക്കായി നടത്തപ്പെട്ട ജില്ലാ ഇന്റർ സ്കൂൾ ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ തേവര എസ് .എച്. സി.എം.ഐ സ്കൂൾ 3020 എന്ന സ്കോറിന് കടവന്ത്ര കേന്ദ്രിയ വിദ്യാലയ സ്കൂളിനെ പരാജയപ്പെടുത്തി ചാമ്പ്യൻമാരായി.

പെരുമാനൂർ സെന്റ്.തോമസ് ജി എച് എസ് സ്കൂൾ 3)0 സ്ഥാനവും കരസ്ഥമാക്കി അവർ 2220 എന്ന സ്കോറിന് പൂത്തോട്ട എസ്.എൻ പബ്ലിക് സ്കൂളിനെ പരാജയപ്പെടുത്തി.

ഡോ. ടെറി തോമസ് എടത്തൊട്ടി വൈ.എം.സി.എ പ്രസിഡന്റ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. സൗത്ത് ബ്രാഞ്ച് ചെയർമാൻ കെ.ആർ. ബെക്സൺ സമ്മാനങ്ങൾ വിതരണം നടത്തി. എം.ഡി. ആന്റണി, കൺവീനർ സ്പോർട്സ് & ഗെയിംസ്, ആൻറ്റോ ജോസഫ്, ജനറൽ സെക്രട്ടറി, സജി എബ്രഹാം, മെബിൻ ജേക്കബ് എന്നിവർ സംസാരിച്ചു.

ടൂർണമെന്റിലെ ഏറ്റവും നല്ല കളിക്കാരിയായി ഭാഗ്യലക്ഷ്മി.ബി എസ് എച് സി.എം.ഐ സ്കൂളിനെ തിരഞ്ഞെടുത്തു. അലീന ജിനു കടവന്ത്ര കേന്ദ്രിയ വിദ്യാലയ പ്രോമിസിംഗ് പ്ലേയർ ആയി തിരഞ്ഞെടുത്തു.



കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങളെയും ആചാരങ്ങളെയും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് മാർഗദർശകമണ്ഡലം ജന.സെക്രട്ടറി സ്വാമി സത്സ്വരൂപാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ കേരളത്തിലെ സന്യാസിമാർ ആർഎസ്എസ് സർസംഘ് ചാലക് ഡോ.മോഹൻഭാഗവതുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ

## ഹൈന്ദവാചാരസംരക്ഷണത്തിന് കേന്ദ്രം ഇടപെടണം; മോഹൻഭാഗവതുമായി സംന്യാസിമാർ കൂടിക്കാഴ്ച നടത്തി

**കൊച്ചി:** കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളെയും ആചാരങ്ങളെയും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് മാർഗദർശകമണ്ഡലത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ സംന്യാസിമാർ ആർഎസ്എസ് സർസംഘ് ചാലക് ഡോ.മോഹൻഭാഗവതുമായി കൂടിക്കാഴ്ച നടത്തി. നാഗ്പൂർ ആർഎസ്എസ് കാര്യാലയത്തിൽ നടന്ന കൂടിക്കാഴ്ചയിൽ കേരളത്തിലെ എല്ലാ പരമ്പരകളിലുംപെട്ട സംന്യാസിമാർ പങ്കെടുത്തു. കേരളത്തിലെ ക്ഷേത്രങ്ങൾ വിശ്വാസികളെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും സംന്യാസിമാർ കൂടിക്കാഴ്ചയിൽ ഡോ. മോഹൻഭാഗവതിനോട് അഭ്യർഥിച്ചു. കാസർഗോഡു മുതൽ കന്യാകുമാരി വരെ നടത്തുന്ന ധർമ സമ്പർക്ക യാത്ര സംബന്ധിച്ചും സംന്യാസി സംഘം ഡോ. മോഹൻഭാഗവതുമായി സംസാരിച്ചു. മാർഗദർശകമണ്ഡലം ജന.സെക്രട്ടറി സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, സ്വാമി സുധീർ ചൈതന്യ (ചിന്മയ മിഷൻ), ഹംസാനന്ദപുരി (നരനാരായണ അദ്വൈതാശ്രമം), ദേവചൈതന്യാനന്ദ സരസ്വതി (കൊടകര അന്താരാഷ്ട്ര ശ്രീകൃഷ്ണ കേന്ദ്രം), നന്ദാത്മജാനന്ദ (ശ്രീരാമകൃഷ്ണ മഠം),കൃഷ്ണമയാനന്ദ തീർത്ഥപാദർ, ജി. അയ്യപ്പദാസ് (പന്മനാശ്രമം), ഡോ.ധർമാനന്ദ (രാമനന്ദാശ്രമം), ആനന്ദ ചൈതന്യ (ശുഭാനന്ദ ശാന്തി ആശ്രമം), വേദാമൃതാനന്ദപുരി (അമൃതാനന്ദമയീ മഠം), സത്യപ്രിയാനന്ദ സരസ്വതി മാതാജി (പാലക്കാട് നിത്യാനന്ദാശ്രമം), അന്തർയോഗിനിമാതാ തീർത്ഥ ( വാഴൂർ തീർത്ഥപാദാശ്രമം), ബ്രഹ്മചാരിസഞ്ജയ (കൊളത്തൂർ അദ്വൈതാശ്രമം) തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

## മാങ്ങയുടെ തെലിയിൽ നിന്ന് സുസ്ഥിര നിർമാണവസ്തുവും: ഗവേഷകർക്ക് പേറ്റന്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രൊഫസർ ഡോ കെ എസ് ബീന, റിസർച്ച് സ്കോളർ ജിൻഷ ടി വി എന്നിവർക്ക് മാലിന്യങ്ങളെ പുനരുപയോഗിച്ച് നിർമ്മാണത്തിന് അനുയോജ്യമായ സുസ്ഥിര വസ്തുവാക്കി മാറ്റുന്ന നൂതന സാങ്കേതികവിദ്യക്ക് പേറ്റന്റ് ലഭിച്ചു.

അവരുടെ ഗവേഷണത്തിൽ മാങ്ങയുടെ തൊലി അടിസ്ഥാനമാക്കിയ നാനോമാറ്റീരിയലും പ്രത്യേക മാലിന്യവിഘടന വസ്തുക്കളും ചേർത്ത് അലുമിനിയം വ്യവസായ മാലിന്യമായ റെഡ് മഡിനെ പരിസ്ഥിതി സൗഹാർദ്ദപരമായ ഗ്രീൻ നാനോ റെഡ്മഡാക്കി മാറ്റുന്നു. റെഡ് മഡിന്റെ അമ്ലത്വവും ക്ഷാരത്വവും പോലുള്ള പ്രധാന പ്രതിബന്ധങ്ങളെ ഈ സാങ്കേതികവിദ്യ വഴി പരിഹരിച്ചു അതിനെ നിർമാണ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഒരു സുസ്ഥിരനിർമാണ വസ്തുവാക്കുന്നു.

ഈ കണ്ടുപിടിത്തം പരമ്പരാഗത നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും റെഡ് മഡ് സംഭരിക്കാൻ ഉപയോഗിക്കുന്ന വലിയ ഭൂവിസ്തീർണമൊഴിവാക്കുന്നതിനും സഹായകമായേക്കും.

ഇത് വ്യാവസായിക മാലിന്യ നിർമാർജ്ജനത്തിലും സുസ്ഥിര നിർമ്മാണത്തിലുമുള്ള വലിയ മുന്നേറ്റമാണ്. ഈ പേറ്റന്റ്, കുസാറ്റിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസ് , ഐപിആർ ഫാസിലിറ്റേഷൻ സെല്ലിന്റെ സഹായത്തോടെ പ്രഖ്യാപിക്കപ്പെട്ടതാണ്.

## സംസ്ഥാനത്ത് നിന്നും കുഷ്ഠരോഗത്തെ പൂർണമായും തുടച്ചുനീക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് നിന്നും കുഷ്ഠരോഗത്തെ പൂർണമായും തുടച്ചുനീക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സമൂഹത്തിൽ മറഞ്ഞു കിടക്കുന്ന കുഷ്ഠരോഗത്തെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടുപിടിച്ച് രോഗനിർണയം നടത്തി ചികിത്സ ലഭ്യമാക്കുകയാണ് അശ്വമേധം കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. നമ്മുടെ സംസ്ഥാനം കുഷ്ഠരോഗ നിർമാർജനത്തിന്റെ വക്കിലാണുള്ളത്. രാജ്യത്ത് ഏറ്റവും കുറവ് കുഷ്ഠരോഗികളുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ സുശക്തമായ പൊതുജനാരോഗ്യ സംവിധാനത്തിന്റേയും പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടേയും ഭാഗമാണ് ഇത് കൈവരിക്കാനായത്. കൃത്യമായ നയത്തിന്റേയും വീക്ഷണത്തിന്റേയും അടിസ്ഥാനത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സുശക്തമായിട്ടുള്ളതാണെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'അശ്വമേധം 6.0' ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. അശ്വമേധം ക്യാമ്പയിനിലൂടെ പുതിയ രോഗികളെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. അശ്വമേധത്തിലൂടെ 2018ൽ സംസ്ഥാനത്ത് പുതുതായി കണ്ടെത്തിയ കുഷ്ഠ രോഗികളുടെ എണ്ണം 783 ആയിരുന്നു. കോവിഡ് മഹാമാരി മൂലം അക്കാലത്ത് ഈ ക്യാമ്പയിന് തടസമായി. 2022-23 കാലത്ത് ക്യാമ്പയിൻ വീണ്ടും ആരംഭിച്ചു. അന്ന് 559 കേസുകൾ റിപ്പോർട്ട് ചെയ്തു. 2024-25ൽ 486 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 202223ലും 202324ലും 10,000ൽ 0.15 ആണ് കുഷ്ഠരോഗത്തിന്റെ പ്രിവിലൻസ് നിരക്ക്. 202425ൽ അത് 0.11 ആയി കുറഞ്ഞിട്ടുണ്ട്.

കുട്ടികളിൽ കുഷ്ഠരോഗം ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് വലിയൊരു ക്യാമ്പയിൻ ആരംഭിച്ചു. അതിന്റെ കണക്ക് പരിശോധിച്ചാലും രോഗികളുടെ എണ്ണം കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. 202223ൽ 33 കുഞ്ഞുങ്ങൾക്കും 202324ൽ 30 കുഞ്ഞുങ്ങൾക്കും രോഗമുള്ളതായി കണ്ടെത്തി. 2024-25ൽ 19 കുഞ്ഞുങ്ങളെ കണ്ടെത്തി. ആരോഗ്യ മേഖലയിൽ സമർപ്പിതമായ സേവനം അനുഷ്ഠിക്കുന്ന എല്ലാ ആരോഗ്യ പ്രവർത്തകരേയും അഭിനന്ദിച്ചു.നഗരസഭാ ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ഗായത്രി ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റേറ്റ് ലെപ്രസി ഓഫീസർ ഡോ. ഷീജ എ.എൽ., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രീതി ജയിംസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ എന്നിവർ പങ്കെടുത്തു.

# ചരിത്ര മുന്നേറ്റം: 200 ആശുപത്രികൾ ദേശീയ ഗുണനിലവാരത്തിൽ

## മികച്ച സ്കോറോടെ കേരളത്തിലെ സർക്കാർ ആശുപത്രികൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ 200 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) സർട്ടിഫിക്കേഷൻ ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പുതുതായി 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതോടെയാണ് ഈ ചരിത്ര നേട്ടം കൈവരിച്ചത്. മികച്ച സ്കോറോടെയാണ് സംസ്ഥാനത്തെ പല ആരോഗ്യ സ്ഥാപനങ്ങളും ഈ നേട്ടം കൈവരിച്ചത്. ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനായി സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ നേട്ടം കൈവരിക്കാനായതെന്നും മന്ത്രി വ്യക്തമാക്കി.

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ കുടുംബാരോഗ്യ കേന്ദ്രം 94.92 ശതമാനം സ്കോറും, വയനാട് ജില്ലയിലെ വെള്ളപ്പള്ളി കുടുംബാരോഗ്യ കേന്ദ്രം 89.65 ശതമാനം സ്കോറും, വയനാട് ജില്ലയിലെ മുത്തങ്ങ ജനകീയ ആരോഗ്യ കേന്ദ്രം 88.86 ശതമാനം സ്കോറും കൈവരിച്ചാണ് എൻ.ക്യു.എ.എസ്. നേടിയെടുത്തത്. ഇതോടെ 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 135 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടി. ബാക്കിയുള്ള സ്ഥാപനങ്ങളെ കൂടി മിഷൻ അടിസ്ഥാനത്തിൽ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ശ്രമമാണ് നടന്നു വരുന്നത്.

എൻ.ക്യു.എ.എസ്. അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

2023ൽ ഈ സർക്കാരിന്റെ കാലത്താണ് ആർദ്രം മിഷന്റെ ഭാഗമായി 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളും ആരോഗ്യ സേവനങ്ങളും 36 ഇനം മരുന്നുകളും 10 തരം ലാബ് പരിശോധനകളും ലഭ്യമാക്കുന്നു. ഇതിലൂടെ വാർഡ് തലം മുതലുള്ള ആരോഗ്യ സേവനങ്ങൾ ശാക്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് മൂന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിച്ച എൻ.ക്യു.എ.എസ് അംഗീകാരം.

# ദ്വിതീയ കാർഷികരംഗം ശക്തിപ്പെടുത്തണം: മന്ത്രി പി പ്രസാദ്

## ഒക്കൽ ഫാം ഫെസ്റ്റിന് തുടക്കമായി

**കൊച്ചി:** കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ദ്വിതീയ കാർഷിക മേഖല ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു.

എറണാകുളം ജില്ലാ പഞ്ചായത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഒക്കൽ ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാർഷിക വിളകളുടെ ഉത്പാദനത്തിന് പ്രാധാന്യം നൽകുന്നതിന് ഒപ്പം തന്നെ മൂല്യ വർധിത ഉത്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തണം. ഇതിലൂടെ കാർഷിക മേഖലയിൽ സാമ്പത്തിക പുരോഗതി കൈവരിക്കാൻ സാധിക്കും. കർഷകർക്ക് അന്തസായ ജീവിതം ഉറപ്പുവരുത്താനുള്ള സാഹചര്യം ഒരുക്കണം. ഉത്പന്നങ്ങൾക്ക് കൃത്യമായ വിപണിയും വിലയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

ഭക്ഷണരീതിയും ജീവിതശൈലിയും ക്യാൻസർ പോലുള്ള രോഗങ്ങളിലേക്ക് നയിക്കുന്ന സാഹചര്യമാണ് ഇന്ന് സമൂഹത്തിൽ ഉള്ളത്. ആരോഗ്യകരമായ ഭക്ഷണശീലം പാലിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി വിഷമയമല്ലാത്ത ഭക്ഷ്യ ഉത്പന്നങ്ങൾ നമ്മുടെ നാട്ടിൽ തന്നെ ഉത്പാദിപ്പിക്കുന്ന സാഹചര്യമുയർന്നു വരണം. സ്വന്തമായുള്ള ഭൂമിയിൽ ചെറിയ രീതിയിൽ എങ്കിലും കൃഷി ചെയ്യാൻ എല്ലാവരും തയ്യാറാകണം. കൃഷിയുടെ പ്രാധാന്യം മുയർത്തിക്കാട്ടാനും പുതുതലമുറകളിലേക്ക് അറിവുകൾ പകരാനും ഇത്തരത്തിലുള്ള കാർഷിക ഉത്സവങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ശാസ്ത്രീയ അറിവുകളുടെ പ്രായോഗിക പരീക്ഷണത്തിനായി സംസ്ഥാനത്ത് കൂടുതൽ ഫാമുകൾ ആവശ്യമാണ്. കർഷകരുടെ കൃഷിയിടങ്ങൾ ഒഴിവാക്കി പുതിയതായി കണ്ടെത്തുന്ന വിളകളും കൃഷി രീതികളും ഇവിടെ പരീക്ഷിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യാതിഥിയായി. പ്രകൃതിയെയും മണ്ണിനെയും സംരക്ഷിച്ച് പരിപോഷിപ്പിച്ച് അടുത്ത തലമുറയിലേക്ക് കൈമാറേണ്ടത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ നാട്ടിൽ നിന്ന് അന്യാധീനപ്പെട്ടു കൊണ്ടിരിക്കുന്ന കൃഷി രീതികൾ തിരിച്ചുകൊണ്ടുവരാൻ എല്ലാവരും സംയുക്തമായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ മുതിർന്ന ജൈവ കർഷകനായ വർഗീസ് മാണിക്കത്താനെ മന്ത്രിയും ജസ്റ്റിസ് കുര്യൻ ജോസഫും ചേർന്ന് ആദരിച്ചു.

എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ , ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്, ഒക്കൽ പഞ്ചായത്ത് പ്രസിഡന്റ് കെ. എൻ മിഥുൻ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിര സമിതി അധ്യക്ഷ സനിത റഹീം, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എ. എസ് അനിൽകുമാർ, ശാരദ മോഹൻ, ലിസി അലക്സ്, ഷൈമി വർഗീസ്, കെ വി രവീന്ദ്രൻ, ഒക്കൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി സാജൻ, കൃഷി വകുപ്പ് അഡിഷണൽ ഡയറക്ടർ തോമസ് സാമുവൽ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ഷേർളി സക്കറിയാസ്, ഒക്കൽ ഫാം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫിലിപ് ജി ടി കാനാട്ട്, ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

നാലു ദിവസങ്ങളിലായി നടക്കുന്ന ഫാം ഫെസ്റ്റ് ജനുവരി രണ്ടുവരെ തുടരും. കാർഷിക പ്രദർശനവും വിപണനവും, സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം, കലാപരിപാടികൾ, മഡ് ഫുട്ബോൾ, റെയിൻബോ ഡാൻസ്, ട്രഷർഹണ്ട്, ഭക്ഷ്യമേള എന്നിവ ഫെസ്റ്റിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

### മൾട്ടി പർപ്പസ് വർക്കർ ഇന്റർവ്യൂ ഫെബ്രുവരി 5 ന്

**തൃശൂർ:** നാഷണൽ ആയുഷ് മിഷൻ ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ആശുപത്രിയിലേക്കും ഡിസ്പെൻസറികളിലേക്കുമായുള്ള ജനനി പദ്ധതിയിലെ മൾട്ടി പർപ്പസ് വർക്കർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുന്നു. വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഫെബ്രുവരി 5 ന് രാവിലെ 9 ന് പരീക്ഷ, ഇന്റർവ്യൂ എന്നിവ നടക്കും. ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെയും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയുടേയും ഒറിജിനൽ സഹിതം തൃശ്ശൂർ രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്കായി http://nam.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0487 2939190.

### റൂഫ് ടോപ്പ് സോളാർ ടെക്നീഷ്യൻ കോഴ്സ്

**തൃശ്ശൂർ:** ജില്ലയിലെ ചാഴൂർ പഞ്ചായത്തിൽ കോലോത്തുംകടവിൽ പ്രവർത്തിക്കുന്ന ചേർപ്പ് ഐ.ടി.ഐയിൽ ഷോർട്ട് ടേം കോഴ്സായ റൂഫ് ടോപ്പ് സോളാർ ടെക്നീഷ്യൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 15 ട്രയിനികൾക്ക് 5 ദിവസത്തെ ക്ലാസ്സും, 2 ദിവസത്തെ ജോബ് ട്രെയിനിങ്ങും ഒരു ദിവസത്തെ സി.ബി.ടി. പരീക്ഷയും അടങ്ങുന്നതാണ് പരിശീലനം. കോഴ്സിലേക്ക് ഇലക്ട്രീഷ്യൻ (ഇ.എൽ), ഇലക്ട്രോണിക്സ് മെക്കാനിക്ക് (ഇമെക്ക്), വയർമാൻ (ഡബ്യു/എം.) ട്രേഡ് പാസ്സായ ട്രയിനികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 9645501654, 9633447243.

### എം.ആർ.എസിൽ അഞ്ചാം ക്ലാസ് പ്രവേശനം; അപേക്ഷ ക്ഷണിച്ചു

**തൃശ്ശൂർ:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലയാളം മീഡിയം മോഡൽ റസിഡൻഷ്യൽ സ്കൂളിലും, ചേലക്കര ഇംഗ്ലീഷ് മീഡിയം മോഡൽ റസിഡൻഷ്യൽ സ്കൂളിലും 202526 അധ്യയന വർഷം അഞ്ചാം ക്ലാസ് പ്രവേശനത്തിന് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയോ അതിൽ കുറവോ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട കോർപ്പറേഷൻ, ബ്ലോക്ക്, നഗരസഭ പട്ടികജാതി വികസന ഓഫീസുകൾ, ഗവ. എം.ആർ.എസ് വടക്കാഞ്ചേരി, ചേലക്കര, ജില്ലാ പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങളിൽ ഫെബ്രുവരി 20 ന് വൈകീട്ട് 5 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 04884 299185, ഗവ. എം.ആർ.എസ് വടക്കാഞ്ചേരി ഫോൺ: 04884 235356.

### സ്വയംതൊഴിൽ വായ്പ

**തൃശ്ശൂർ:** കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആറ് ശതമാനം പലിശനിരക്കിൽ അഞ്ചു സെന്റിൽ കുറയാത്ത സ്വന്തം വസ്തു ജാമ്യത്തിന്റെയോ, ഉദ്യോഗസ്ഥ ജാമ്യത്തിന്റെയോ ഈടിൽ നൽകുന്ന 2,00,000 രൂപ മുതൽ 4,00,000 രൂപവരെയുള്ള സ്വയംതൊഴിൽ വായ്പകൾക്ക് തൃശ്ശൂർ ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോമിനും വിശദ വിവരങ്ങൾക്കും കോർപ്പറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0487 2331556, 9400068508.

### വന്യജീവി സംരക്ഷണ ഭേദഗതി നിയമത്തിൽ പരിശീലനം

**തൃശ്ശൂർ:** വനം വകുപ്പിലെ മധ്യമേഖലയുടെ കീഴിൽവരുന്ന ഉന്നത ഉദ്യോഗസ്ഥർക്ക് വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022 സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു. തൃശ്ശൂർ മധ്യമേഖലാ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ നടത്തിയ പരിശീലന പരിപാടി മധ്യമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡോ. ആർ. ആടലരശൻ ഉദ്ഘാടനം ചെയ്തു. വനം വിജിലൻസ് വിഭാഗം എറണാകുളം ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മനു സത്യൻ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

നിലവിലുണ്ടായിരുന്ന നിയമത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചും, പുതുതായി ചേർക്കപ്പെട്ടിട്ടുള്ള വിഷയങ്ങളെക്കുറിച്ചും ക്ലാസിൽ പ്രതിപാദിച്ചു. മധ്യമേഖലയ്ക്കു കീഴിലെ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവർ ക്ലാസ്സിൽ പങ്കെടുത്തു.

വന്യജീവി സംരക്ഷണ ഭേദഗതി നിയമം കൂടുതൽ കാര്യക്ഷമമായും ജനോപകാരപ്രദവുമായി നടപ്പിലാക്കുന്നതിന് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മുതൽ ഫോറസ്റ്റ് വാച്ചർമാർ വരെയുള്ള സംരക്ഷണ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി ഈ വർഷം ഫെബ്രുവരി മുതൽ ജൂൺ വരെ ഘട്ടംഘട്ടമായുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. പരിശീലന പരിപാടിയുടെ നോഡൽ ഓഫീസറായി മധ്യമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് സി.ഒ. നിബു കിരണിനെ നിയോഗിച്ചതായും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു.

### ഗൈനക്കോളജിസ്റ്റ് കരാർ നിയമനം

**തൃശ്ശൂർ:** ഗവ. മെഡിക്കൽ കോളേജിൽ ഗൈനക്കോളജി വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കും. ഗൈനക്കോളജിയിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, ട്രാവൻകൂർ കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ, പ്രവൃത്തി പരിചയം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ഫെബ്രുവരി നാലിന് രാവിലെ 11 ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നടത്തുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0487 2200310 2200319.

### ബ്ലഡ് ബാങ്കിൽ ഒഴിവുകൾ

**മലപ്പുറം:** പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിലേക്ക് ദിവസ വേതനത്തിലുള്ള സ്റ്റാഫ് നഴ്സ്, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ബ്ലഡ് ബാങ്ക് കൗൺസിലർ താൽക്കാലിക നിയമനത്തിനുള്ള ഇന്റർവ്യൂ ഫെബ്രുവരി അഞ്ചിന് രാവിലെ 10ന് ബ്ലഡ് ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

യോഗ്യത: സ്റ്റാഫ് നഴ്സ് ബി എസ് സി നഴ്സിംഗ് / ജി എൻ എം കേരള നഴ്സസ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ: ബി എസ് സി എം എൽ ടി / ഡി എം എൽ ടി, പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധം. ബ്ലഡ് ബാങ്ക് കൗൺസിലർ: എം എസ് ഡബ്ലിയു / സോഷ്യോളജി, സൈക്കോളജി, കമ്പ്യൂട്ടർ പരിജ്ഞാനം.

യോഗ്യരായവർ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും ബയോഡാറ്റയും ഫെബ്രുവരി നാലിന് വൈകീട്ട് അഞ്ചിനകം ബ്ലഡ് ബാങ്ക് ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. ഫോൺ: 04933 226322.

## കുസാറ്റ്: സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ഏഴ് വിദ്യാർത്ഥികകൾ യൂറോപ്പിലെ ഇറാസ്മസ്+ മൊബിലിറ്റി പ്രോഗ്രാമിന്റെ ഭാഗമാകും

**കൊച്ചി:** ക്രൊയേഷ്യയിലെ ഒസിജെക്കിലെ ജോസിപ് ജുരാജ് സ്ട്രോസ്മേയർ സർവ്വകലാശാലയിലേക്കുള്ള ഇറാസ്മസ്+ മൊബിലിറ്റി പ്രോഗ്രാമിലേക്ക് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ഏഴ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു.

കാവ്യ എസ്, സപ്തശ്രീ ബി ടി എന്നിവർ സമ്പൂർണ്ണ സ്കോളർഷിപ്പ് നേടി. ഒബിൽ കാനേഷ്യസ് വി എം, സൂര്യ മാവില്ല, ആദിത്യ എ എം, ജൈജി ജോയ്, മരിയ പ്രിൻസ് എന്നീ വിദ്യാർത്ഥികൾ ഇറാസ്മസ് സീറോ ഗ്രാന്റിന് യോഗ്യത നേടി; ഇവരുടെ താമസം, ട്യൂഷൻ, പ്രാദേശിക യാത്രകൾ എന്നിവയുടെ ചെലവുകളും യൂറോപ്പിലെ സർവകലാശാല വഹിക്കും. 2025 മാർച്ച് മുതൽ മൂന്ന് മാസത്തേയ്ക്കാണ് പ്രോഗ്രാം നടക്കുന്നത്.

## കുസാറ്റ്: കുസെക്കിൽ അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പുളിങ്കുന്ന് എഞ്ചിനീയറിങ് കോളേജിൽ (കുസെക്ക്), കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ബി.ഇ/ ബി.ടെക്/ ബി.എസ്, എം. ഇ / എം. ടെക് / എം. എസ് അല്ലെങ്കിൽ സംയുക്ത എം. ടെക് എന്നിവ ബന്ധപ്പെട്ട വിഷയത്തിൽ ഫസ്റ്റ് ക്ലാസ്സോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം.

കമ്പ്യൂട്ടർ സയൻസിലോ ഇൻഫർമേഷൻ ടെക്നോളജിയിലോ ബി.ടെക്, കമ്പ്യൂട്ടർ സയൻസിലോ ഇൻഫർമേഷൻ ടെക്നോളജിയിലോ എം.ടെക് എന്നീ യോഗ്യതകളുള്ളവർക്കും അപേക്ഷിക്കാം.

താൽപര്യമുള്ളവർ ഓൺലൈൻ അപേക്ഷകൾ http://recruit.cusat.ac.in എന്ന വെബ്സൈറ്റ് വഴി 10.02.2025ന് മുൻപ് സമർപ്പിക്കണം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പിയും, പ്രായം, യോഗ്യത (മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്), ജേർണലുകൾ യുജിസി/പിയർ റിവ്യൂ ചെയ്തതാണെന്ന തെളിവ്, പ്രവൃത്തിപരിചയം, ഇഏജഅജലൃരലിമേഴല പരിവർത്തന തെളിവ്, മറ്റ് യോഗ്യതകൾ (യുജിസി NET മുതലായവ) എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 20.02.2025ന് മുമ്പ് കുസാറ്റ് രജിസ്ട്രാർക്ക് സമർപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് http://cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## യൂസ്ഡ് കാർ ഷോറൂമുകൾക്ക് ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നിർബന്ധം

**തിരുവനന്തപുരം:** യൂസ്ഡ് കാർ വിൽക്കുന്ന ഷോറൂമുകൾക്ക് കേന്ദ്രമോട്ടോർ വാഹന ചട്ടം 55 എ പ്രകാരം ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. എല്ലാ യുസ്ഡ് കാർ ഷോറും ഉടമകളും അടിയന്തിരമായി നിയമപ്രകാരമുള്ള ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നേടണം.

നിലവിൽ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന ഷോറൂമുകൾ മാർച്ച് 31നകം നിയമപ്രകാരമുള്ള ഓതറൈസേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതാണെന്നും ശേഷം അനധികൃതമായി പ്രവർത്തിക്കുന്ന യൂസ്ഡ് കാർ ഷോറൂമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കാൻ കഴിയുന്നതല്ലെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കുലറിൽ അറിയിച്ചു. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും ഇവിടെ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെയും നിയമനടപടി സ്വീകരിക്കുന്നതിനൊടൊപ്പം വാഹനങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കും.

പൊതുജനങ്ങൾ പഴയ വാഹനങ്ങൾ വിൽക്കുന്നതിനോ, വാങ്ങുന്നതിനോ അനധികൃതമായി പ്രവർത്തിക്കുന്ന യൂസ്ഡ് കാർ ഷോറൂമുകളെ സമീപിക്കരുതെന്ന് മുന്നറിയിപ്പ് നൽകുന്നതായും യൂസ്ഡ് കാർ ഷോറൂമുകൾക്ക് മോട്ടോർ വാഹന നിയമപ്രകാരം വിൽപ്പന നടത്തുന്നതിനുള്ള ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള വിശദവിവരങ്ങൾ കേന്ദ്രഗതാഗത മന്ത്രാലയത്തിന്റെ www.parivahan.gov.in പോർട്ടലിൽ ലഭ്യമാണെന്നും സർക്കുലറിൽ അറിയിച്ചു.

## ബി.ഫാം ലാറ്ററൽ എൻട്രി രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലെയും സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2024 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 7.3.8ൽ പറയുന്ന അസ്സൽ രേഖകളും സഹിതം ഫെബ്രുവരി 4ന് വൈകിട്ട് 3 മണിക്ക് മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.
ഹെൽപ് ലൈൻ നമ്പർ: 0471 2525300.




# ചെന്നൈയിൽ ചരിത്രജയം നേടി കേരള ബ്ലാസ്റ്റേഴ്സ്

**ചെന്നൈ:** ടീമൊന്നാകെ കളം നിറഞ്ഞുകളിച്ച മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പുതുചരിത്രം കുറിച്ചു. ചെന്നൈയിൻ എഫ്സിയെ 3 1ന് വീഴ്ത്തിയ ടീം, ഐഎസ്എൽ ചരിത്രത്തിൽ ചെന്നൈയിനെതിരെ അവരുടെ തട്ടകത്തിൽ ആദ്യജയം ആവോളം ആഘോഷിച്ചു. മൂന്നാം മിനിറ്റിൽ ജീസസ് ജിമിനെസിലൂടെ ഗോൾവേട്ട തുടങ്ങിയ ബ്ലാസ്റ്റേഴ്സിനായി 45+3 മിനിറ്റിൽ കോറു സിങ്ങും, 56ാം മിനിറ്റിൽ ക്വാമി പെപ്രയും സ്കോറർമാരായി. 2021–22 സീസണിന് ശേഷം ഇതാദ്യമായി ചെന്നൈയിനെതിരെ ലീഗ് ഡബിളും ബ്ലാസ്റ്റേഴ്സ് തികച്ചു. 36–ാം മിനിറ്റിൽ പത്തുപേരായി ചുരുങ്ങിയ ചെന്നൈയിനായി വിൻസി ബരോറ്റോ പരിക്ക് സമയത്ത് ആശ്വാസ ഗോൾ കണ്ടെത്തി. ഏഴാം ജയത്തോടെ 24 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് എട്ടാം സ്ഥാനത്ത് തുടർന്നു. ചെന്നൈയിൻ 18 പോയിന്റുമായി പത്താം സ്ഥാനത്തും.

ഈസ്റ്റ് ബംഗാളിനെതിരെ കളിച്ച ടീമിൽ മൂന്ന് മാറ്റങ്ങളുമായാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. ഫ്രെഡ്ഡി ലല്ലാംമാവ്മ, വിബിൻ മോഹനൻ, നോഹ സദൂയ് എന്നിവർ ആദ്യ ഇലവനിൽ ഇറങ്ങിയില്ല. വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ് തുടർന്നു. പ്രതിരോധത്തിൽ സന്ദീപ് സിങ്, മിലോസ് ഡ്രിൻസിച്ച്, റുയ്വാ ഹോർമിപാം, നവോച്ച സിങ്. ഡിഫൻസീവ് മിഡ്ഫീൽഡർമാരായി അഡ്രിയാൻ ലൂണ, ഡാനിഷ് ഫാറൂഖ്, അറ്റാക്കിങ് മിഡ്ഫീൽഡർമാരായി അരങ്ങേറ്റക്കരാരൻ ലാൽതൻമാവിയ റെൻത്‌ലെയ്, കോറു സിങ്, ക്വാമി പെപ്ര എന്നിവർ. ഏക സ്ട്രൈക്കറായി ജീസസ് ജിമിനെസ്. ചെന്നൈയിൻ ഗോൾമുഖത്ത് മുഹമ്മദ് നവാസ്. പ്രതിരോധത്തിൽ ലാൽ ഡിൻപ്യൂയ, റ്യാൻ എഡ്വാർഡ്സ്, പ്രീതം കോട്ടാൽ, റെന്ത്‌ലെയ്. മധ്യനിരയിൽ കോർണർ ഷീൽഡ്സ്, നാംതെ, ഫാറൂഖ് ചൗധരി, ലൂകാസ് ബ്രാംബില്ല. മുന്നേറ്റത്തിൽ ഇർഫാൻ യദ്‌വാഡും വിൽമർ ജോർദാൻ ഗില്ലും.

കളി തുടക്കത്തിൽ തന്നെ ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ ഗോൾമുഖത്തേക്ക് ഇരച്ചുകയറി. മൂന്നാം മിനിറ്റിൽ ആതിഥേയരുടെ വലയിൽ പന്തെത്തി. ജിമിനെസും കോറു സിങ്ങും ചേർന്നുള്ള മുന്നേറ്റമാണ് ഗോളിൽ കലാശിച്ചത്. ചെന്നൈയിൻ പ്രതിരോധനിരയെ മറികടന്ന് പന്തുമായി കുതിച്ച കോറു സിങിനെ ബോക്സിന് തൊട്ടടുത്ത് വീഴ്ത്തിയെങ്കിലും, ജിമിനെസിലേക്ക് പന്തെത്തി. വലതുഭാഗത്ത് നിന്ന് ജീസസ് ജിമിനെസ് പായിച്ച ഷോട്ട് ചെന്നൈയിൻ ക്യാപ്റ്റൻ റയാൻ എഡ്വാർഡ്സിനെയും ഗോൾകീപ്പർ നവാസിനെയും മറികടന്ന് വലയുടെ ഇടതുകോർണറിലെത്തി. ജിമിനെസിന്റെ 11ാം ഗോൾ ബ്ലാസ്റ്റേഴ്സിന്റെ സീസണിലെ ഏറ്റവും വേഗമേറിയ ഗോൾ കൂടിയായി മാറി. ചെന്നൈയിൻ തിരിച്ചടിക്ക് ശ്രമിച്ചു. വിൽമർഇർഫാൻ സഖ്യം ചേർന്ന് നടത്തിയ ഒരു ശ്രമം സച്ചിൻ സുരേഷ് വിഫലമാക്കി. 13ാം മിനിറ്റിൽ ക്വാമി പെപ്ര നൽകിയ പന്തുമായി ബോക്സിലെത്തിയ ജിമിനെസ് ഇടതുവിങ്ങിൽ മറ്റൊരു ശ്രമം കൂടി നടത്തി, പരിചയസമ്പന്നനായ നവാസ് പന്തിനെ തടഞ്ഞിട്ടു. മിനിറ്റുകൾക്കപ്പുറം ഒപ്പമെത്താനുള്ള ചെന്നൈയുടെ ഒരു അവസരം കൂടി സച്ചിൻ സുരേഷ് നിഷേധിച്ചു. മനോഹരമായിരുന്നു കോർണർ ഷിൽഡ്സിന്റെ ഫ്രീകിക്ക്. ബോക്സിൽ കൃത്യം പന്ത് തലയിൽ കുരുക്കിയ എഡ്വാർഡ് ഹെഡറിന് ശ്രമിച്ചു, വലയിലെത്തുമെന്നുറച്ചൊരു പന്തിനെ മികവോടെ സച്ചിൻ സുരേഷ് കൈപ്പിടിയിലൊതുക്കി.

കോർണർ ഷീൽഡ്സും വിൽമറും ഫാറൂഖും ചേർന്നുള്ള നീക്കങ്ങളെ ബ്ലാസ്റ്റേഴ്സ് കൃത്യമായി പ്രതിരോധിച്ചു, കൗണ്ടർ അറ്റാക്കിന് ടീം പരമാവധി ശ്രമിച്ചു. മിലോസ് ഡ്രിൻസിച്ചിനെ അപകടകരമായി ഫൗൾ ചെയ്തതിന് വിൽമർ ജോർദാൻ ഗില്ലിന് റഫറി ചുവപ്പ് കാർഡുയർത്തി, കളിയുടെ 36ാം മിനിറ്റിൽ ചെന്നൈയിൻ നിര പത്തുപേരായി ചുരുങ്ങി. തൊട്ടടുത്ത നിമിഷം ഫ്രീകിക്കിലൂടെ കോർണർ ഷീൽഡ്സ് അപകട സൂചന നൽകിയെങ്കിലും പന്ത് ബ്ലാസ്റ്റേഴ്സിന്റെ പിൻനിര കടന്നില്ല. ബ്ലാസ്റ്റേഴ്സ് വീണ്ടും കൗണ്ടർ അറ്റാക്കിന് ശ്രമിച്ചു, മൂന്ന് താരങ്ങളെ ഡ്രിബിൾ ചെയ്ത ജിമിനെസ് ബോക്സിനകത്ത് കടന്നെങ്കിലും പ്രതിരോധ താരം പന്ത് തട്ടിയെടുത്തു. പിന്നാലെ ലുക്കാസ് ബ്രാംബില്ലയുടെ ഒരു ഷോട്ടും വല കാണാതെ പുറത്തായി. ആദ്യപകുതിയുടെ അധിക സമയത്ത് ഒരു കൗണ്ടർ അറ്റാക്കിലൂടെ തന്നെ ബ്ലാസ്റ്റേഴ്സ് ലീഡുയർത്തി. പെപ്രയ്ക്ക് പന്ത് ലഭിക്കുമ്പോൾ അഞ്ച് താരങ്ങളുണ്ടായിരുന്നു ബോക്സിനകത്ത്. പെപ്ര നേരിട്ട് ഷോട്ടിന് ശ്രമിക്കാതെ ലൂണയ്ക്ക് പന്ത് കൈമാറി. ക്യാപ്റ്റൻ കോറു സിങിന് പന്തൊരുക്കി, പതിനെട്ടുകാരൻ വലയുടെ ഇടതുമൂലയിൽ പന്ത് നിക്ഷേപിച്ചു. രണ്ട് ഗോളിന്റെ ഊർജം നിറച്ച് ടീം രണ്ടാം പകുതിക്കായി പിരിഞ്ഞു.

രണ്ടാം പകുതിയിലും ബ്ലാസ്റ്റേഴ്സിനായിരുന്നു പന്തിൽ ആധിപത്യം. 54ാം മിനിറ്റിൽ കോർണർ ഷീൽഡ്സിന്റെ ഷോട്ട് ലക്ഷ്യം തെറ്റി, രണ്ട് മിനിറ്റുകൾക്കകം പെപ്രയിലൂടെ ബ്ലാസ്റ്റേഴ്സ് ലീഡും ഉയർത്തി. ലൂണയായിരുന്നു ഗോളൊരുക്കിയത്. ബോക്സിന്റെ ഇടതുഭാഗത്ത് നിന്നുള്ള ക്യാപ്റ്റന്റെ മനോഹര ക്രോസിലേക്ക് വലക്ക് മുന്നിൽ കൃത്യം പെപ്രയുടെ കാലെത്തി, നിലംതൊടും മുന്നേ ഘാനക്കാരൻ ഇടങ്കാൽ കൊണ്ട് വലയിലേക്ക് പന്തടിച്ചുകയറ്റി.

ചെന്നൈയിൻ ഒരേസമയം മൂന്ന് മാറ്റങ്ങൾ വരുത്തി, സെറ്റ്പീസിലൂടെ സന്ദർശകരുടെ ലീഡ് കുറയ്ക്കാനായി ശ്രമം, ബ്ലാസ്റ്റേഴ്സ് പ്രതിരോധം കടുപ്പിച്ചു. പെപ്രയെയും ഹോർമിപാമിനെയും കോച്ച് പിൻവലിച്ചു, വിബിൻ മോഹനനും ദുഷൻ ലഗാത്തോറും പകരക്കാരായി. 69ാം മിനിറ്റിൽ ലാൽതൻമാവിയ വലങ്കാലൻ ഷോട്ടിലൂടെ ലീഡുയർത്താൻ ശ്രമിച്ചു. 80ാം മിനിറ്റിൽ നോഹ സദൂയിയും ഇഷാൻ പണ്ഡിതയും കളത്തിലെത്തി, ജിമെനെസും ലാൽതൻമാവിയയും പിൻവാങ്ങി. സദൂയിയുടെ ഡയറക്ട് ഫ്രീകിക്കിൽ നിന്നുള്ള പന്ത് വലയ്ക്ക് മുകളിലൂടെ പറന്നു.

വിബിൻ മോഹനന്റെ ഒരുഗ്രൻ ഷോട്ട് നവാസ് കുത്തിയകറ്റി. മറുഭാഗത്ത് ചെന്നൈയിനും ചില ഗോൾനീക്കങ്ങൾ നടത്തി. ഡാനിഷ് ഫാറൂഖിന് പകരം മുഹമ്മദ് അസ്ഹറിനെ ഇറക്കി ബ്ലാസ്റ്റേഴ്സ് അവസാന സബ്സ്റ്റിറ്റിയൂഷനും നടത്തി.

പരിക്ക് സമയത്ത് ചെന്നൈയിൻ, പകരതാരം വിൻസി ബരേറ്റോയിലൂടെ ആശ്വാസ ഗോൾ കണ്ടെത്തി ഫെബ്രുവരി 15ന് മോഹൻ ബഗാൻ സൂപ്പർ ജയന്റിനെതിരെയാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത അങ്കം, കൊച്ചിയാണ് വേദി.

### രുചിയൂറും കടൽവിഭവങ്ങൾ, ഡ്രോൺ പ്രദർശനം, ഫാം ഫ്രെഷ് ഉൽപന്നങ്ങൾ

# സിഎംഎഫ്ആർഐ മത്സ്യമേള നാളെ തുടങ്ങും

**കൊച്ചി:** രുചിയൂറും കടൽകായൽ വിഭവങ്ങൾ, കർഷകരുടെ തദ്ദേശീയ ഉൽപന്നങ്ങൾ, ഡയറ്റ് കൗൺസലിംഗ് തുടങ്ങി പൊതുജനങ്ങളെ ആകർഷിക്കുന്ന വൈവിധ്യങ്ങളുമായി ത്രിദിന മത്സ്യ മേള ശനിയാഴ്ച (ഫെബ്രുവരി 1) മുതൽ തിങ്കളാഴ്ച (ഫെബ്രുവരി 3) വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും.

സിഎംഎഫ്ആർഐയുടെ 78ാമത് സ്ഥാപകദിനാഘോഷത്തിന്റെ ഭാഗമായാണ് മേള. സീഫുഡ് ഫെസ്റ്റ്, സാങ്കേതികവിദ്യ പ്രർശനം, ബയർ സെല്ലർ സംഗമം, ഓപൺ ഹൗസ്, ശിൽപശാലകൾ, പരിശീലനം എന്നിവയാണ് മത്സ്യമേളയിലെ പ്രധാന ഇനങ്ങൾ. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് മേളയുടെ സമയം. പ്രവേശനം സൗജന്യമാണ്.

കല്ലുമ്മക്കായ, കായൽ മുരിങ്ങ (ഓയിസ്റ്റർ), മത്സ്യചെമ്മീൻ വിഭവങ്ങളുടെ തദ്ദേശീയ രുചിക്കൂട്ടുകളാണ് സീഫുഡ് ഫെസ്റ്റിന്റെ മുഖ്യ ആകർഷണം. സ്ത്രീ കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, സീഫുഡ് സംരംഭകർ തുടങ്ങിയവരുടെ സ്റ്റാളുകൾ മേളയിലുണ്ട്. ലക്ഷദ്വീപിലെ തനത് വിഭവങ്ങളും ലഭ്യമാകും. കൂടാതെ, ഔഷധഗുണമേന്മക്ക് പേര് കേട്ട കായൽ മുരിങ്ങ ജീവനോടെ കഴിക്കാം. വനിതാ കർഷകർ കായലിൽ കൃഷി ചെയ്ത് വിളവെടുത്ത മുരിങ്ങ ശാസ്ത്രീയമായി ശുദ്ധീകരണം നടത്തിയ ശേഷമാണ് മേളയിലെത്തിക്കുക.

ജീവിതശൈലീ രോഗനിർണയത്തിനുള്ള ആരോഗ്യപരിശോധനകളും അതനുസരിച്ചുള്ള ഡയറ്റ് കൗൺസലിംഗും മേളയിൽ ലഭ്യമാകും.

കർഷകർ നേരിട്ടെത്തിക്കുന്ന സംശുദ്ധമായ തദ്ദേശീയ ഉൽപന്നങ്ങൾ ബയർസെല്ലർ സംഗമത്തിൽ ലഭിക്കും. പൊക്കാളി ഉൽപന്നങ്ങൾ, ചെറുധാന്യപോഷക ഉൽപന്നങ്ങൾ, നാടൻ ചക്കര, എണ്ണകൾ, സുഗന്ധവ്യഞ്ജനങ്ങൾ, നാടൻ പലഹാരങ്ങൾ തുടങ്ങി ഭക്ഷ്യോൽപന്നങ്ങളും കരിമീൻകുഞ്ഞുങ്ങൾ, അലങ്കാര മത്സ്യകുഞ്ഞുങ്ങൾ, പച്ചക്കറിഔഷധ സസ്യ തൈകൾ, വിത്തുകൾ, വളങ്ങൾ തുടങ്ങി കർഷകർക്ക് ആവശ്യമായ ഉൽപന്നങ്ങളും ലഭിക്കും. കൂടാതെ, നിരവധി ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി മൂല്യവർധിത ഉൽപന്നങ്ങളുമുണ്ടാകും. കാർഷിക വിളകളിൽ ഡ്രോൺ ഉപയോഗം പരിചയപ്പെടുത്തുന്ന പ്രദർശനവുമുണ്ട്.

ചെറുകിട സംരഭകർക്കുള്ള സർക്കാർ സഹായങ്ങൾ ലഭ്യമായ പ്രത്യേക ബാങ്കിംഗ് സൗകര്യങ്ങൾ, ഡിജിറ്റൽ മാർകറ്റിംഗ് എന്നീ മേഖലകളിൽ വിദഗ്ധരുടെ ക്ലാസ്സുകൾ ഉണ്ടാകും. ഫിഷറീസ് രംഗത്തെ വിവിധ ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ച ഏറ്റവും പുതിയ സാങ്കേതികവിദ്യകളുടെ പ്രദർശനമാണ് മേളയിലെ മറ്റൊരു ആകർഷണം.

ഓപൺ ഹൗസിന്റെ ഭാഗമായി, മേളയുടെ സമാപന ദിവസമായ തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ കടലറിവുകളുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ നടത്തും. ആഴക്കടലിന്റെ വിസ്മയകാഴ്ചകൾ സമ്മാനിക്കുന്ന മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോറട്ടറികൾ തുടങ്ങിയവ പൊതുജനങ്ങൾക്കായി തുറന്നിടും.

## ഫിക്കി കേരള സ്റ്റേറ്റ് കൗൺസിലിന് പുതിയ ഭാരവാഹികൾ



വി പി നന്ദകുമാർ, തോമസ് ജോൺ

**കൊച്ചി :** ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാനായി മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ, കോ ചെയർമാനായി അഗാപ്പെ ഡയഗ്നോസ്റ്റിക്സ് എംഡി തോമസ് ജോൺ എന്നിവർ ചുമതലയേറ്റു.

കോർ കമ്മിറ്റി അംഗങ്ങൾ: ഡോ. എം ഐ സഹദുള്ള, ദീപക് അസ്വാനി (മുൻ ചെയർമാൻമാർ) ഉപസമിതി ചെയർമാൻമാർ : അലക്സ് കെ നൈനാൻ (ടാസ്ക് ഫോഴ്സ് ഓൺ എക്സ്പോർട്സ്), ആന്റണി കൊട്ടാരം (ടാക്സേഷൻ), ബിബു പുന്നൂരാൻ (ഹെൽത്ത് ആൻഡ് മെഡിക്കൽ ഡിവൈസസ്), എ ഗോപാലകൃഷ്ണൻ (ഫിനാൻസ് ആൻഡ് ബാങ്കിംഗ്), യു സി റിയാസ് (ടൂറിസം).

## യുപിഐ സൗണ്ട് ബോക്സ് ഫീച്ചറിൽ പുതുമയുമായി ജിയോ

**ന്യൂഡൽഹി:** കച്ചവടസ്ഥാനങ്ങളിലെ യുപിഐ സൗണ്ട് ബോക്സ് വിപണി കൈയടക്കാൻ റിലയൻസ് ജിയോ ഒരുങ്ങുന്നു.

ജിയോ ഭാരത് ഫോണുള്ള കച്ചവടക്കാർക്ക് പണം അക്കൗണ്ടിൽ ലഭിക്കുന്പോൾ സൗണ്ട് ബോക്സിലേതിനു സമാനമായ അറിയിപ്പ് (സൗണ്ട് പേ ഫീച്ചർ) ഫോണിൽ തന്നെ ലഭിക്കും. സൗണ്ട് ബോക്സ് ഇല്ലെങ്കിലും കാര്യം നടക്കുമെന്ന് ചുരുക്കം.

പുതിയ സേവനം ആജീവനാന്തം സൗജന്യമായി നൽകുമെന്നാണ് ജിയോ അറിയിച്ചിരിക്കുന്നത്. നിലവിൽ ഓരോ വർഷവും ഏകദേശം 1,500 രൂപ നൽകിയാണ് വ്യാപാരികൾ പല കന്പനികളുടെയും സൗണ്ട് ബോക്സുകൾ റീചാർജ് ചെയ്യുന്നത്.

699 രൂപ അടച്ചാൽ ജിയോ ഭാരത് ഫോണുകൾ ലഭിക്കും. സൗണ്ട് ബോക്സിനായി പണമടയ്ക്കുന്ന അഞ്ചു കോടി വ്യാപാരികൾക്കെങ്കിലും ഇതിൻറെ ഗുണം ലഭിക്കുമെന്ന് കമ്പനി ചൂണ്ടിക്കാട്ടി.




# പഞ്ചാബ് നാഷണൽ ബാങ്കും സിഎൻഎച്ച് ഇൻഡസ്ട്രിയൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ന്യൂഡൽഹി:** കാർഷിക സമൂഹത്തെ ശാക്തീകരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി പഞ്ചാബ് നാഷണൽ ബാങ്കും (പിഎൻബി) സിഎൻഎച്ച് ഇൻഡസ്ട്രിയൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും ധാരണാപത്രത്തിൽ (എംഒയു) ഒപ്പുവച്ചു.

ഈ സഹകരണത്തിലൂടെ, രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാർഷിക സമൂഹത്തെ ശാക്തീകരിക്കുന്നതിനുമുള്ള പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനൊപ്പം ഗണ്യമായ ബിസിനസ്സ് വളർച്ച കൈവരിക്കാനും പിഎൻബി ലക്ഷ്യമിടുന്നു.

പിഎൻബിയിലെ മുതിർന്ന ഉദ്യോഗസ്ഥരുടെയും സിഎൻഎച്ച് പ്രതിനിധികളുടെയും സാന്നിധ്യത്തിൽ പിഎൻബി ജനറൽ മാനേജർ (കൃഷി) കെ. എസ്. റാണയും സിഎൻഎച്ച് ഇൻഡസ്ട്രിയൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് റീട്ടെയിൽ & ഡബ്ല്യു എസ് ഫിനാൻസ് വിഭാഗം മേധാവി സൗരഭ് ശർമ്മയും ഡൽഹിയിലെ പിഎൻബി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ആധുനിക കാർഷിക രീതികളെ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഉയർന്ന പവർ ട്രാക്ടറുകൾ, സംയോജിത കൊയ്ത്തു യന്ത്രങ്ങൾ, ബെയ്‌ലറുകൾ എന്നിവയുൾപ്പെടെ സിഎൻഎച്ച്ന്റെ വിപുലമായ ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോയെക്കുറിച്ച് സൗരഭ് ശർമ്മ എടുത്തുപറഞ്ഞു.

ആധുനിക കൃഷിയിൽ നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം പിഎൻബി ജനറൽ മാനേജർ കെ. എസ്. റാണ പറഞ്ഞു. അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (എഐഎഫ്) പദ്ധതിയുടെ പ്രയോജനങ്ങൾ കസ്റ്റം നിയമന കേന്ദ്രങ്ങളും കാർഷിക യന്ത്രവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചും കെ. എസ്. റാണ ഊന്നിപ്പറഞ്ഞു.

കാർഷിക ചെലവുകൾ കുറയ്ക്കുക, കാർഷിക പ്രക്രിയകൾ ലളിതമാക്കുക, കാര്യക്ഷമമായ വിഭവ ഉപയോഗവും പരിസ്ഥിതി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പാരിസ്ഥിതിക സുസ്ഥിരത പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സംരംഭങ്ങളുടെ ലക്ഷ്യം.

## പിട്ടാപ്പിള്ളിൽ ഏജൻസീസ് 35–ാം വാർഷികാഘോഷം

**കൊച്ചി:** പിട്ടാപ്പിള്ളിൽ ഏജൻസീസിൻറെ 35–ാം വാർഷികാഘോഷം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. രാജഗിരി ആശുപത്രി ഡയറക്ടർ ഫാ. ജിജോ കടവൻ, മിത്രധാം റിന്യൂവബിൾ എനർജി സെൻറർ ഡയറക്ടർ ഫാ. ജോർജ് പിട്ടാപ്പിള്ളിൽ എന്നിവർ പ്രാർഥനകൾക്ക് നേതൃത്വം നൽകി.

പെരുമ്പാവൂരിലെ ഷോറൂമിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്തംഗം ബേസിൽ പോൾ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പെരുമ്പാവൂർ യൂണിറ്റ് പ്രസിഡൻറ് ജോസ് നെറ്റിക്കാടൻ, മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, ഡയറക്ടർമാരായ സിസിലി പോൾ, കിരൺ വർഗീസ്, മരിയ പോൾ, അജോ തോമസ്, ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ഔസേപ്പ് പിട്ടാപ്പിള്ളിൽ, ജനറൽ മാനേജർ എ.ജെ. തങ്കച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.

വാർഷികാഘോഷങ്ങളുടെ ഭാഗമായി 'ആനിവേഴ്സറി ഡബിൾ ഡിലൈറ്റ്' ഓഫറിൽ ഉപഭോക്താക്കൾക്ക് ഇരട്ടി ആനുകൂല്യങ്ങളാണ് പിട്ടാപ്പിള്ളിൽ നൽകിവരുന്നത്. പഴയ ഗൃഹോപകരണങ്ങൾ മാറ്റി വാങ്ങുമ്പോൾ, നിലവിലുള്ള നിരക്കിൻറെ ഇരട്ടി എക്സ്ചേഞ്ച് വാല്യൂ നേടാനുള്ള അവസരമാണ് പിട്ടാപ്പിള്ളിൽ ഒരുക്കിയിരിക്കുന്നത്.ചെറുതും വലുതുമായ ഗൃഹോപകരണങ്ങൾക്ക് കുറഞ്ഞത് രണ്ടു വർഷമെങ്കിലും ഫ്രീ വാറൻറി ലഭിക്കുന്ന വിധത്തിലാണ് സ്കീം ഒരുക്കിയിട്ടുള്ളത്. ഈ ദിവസങ്ങളിൽ ഫിനാൻസ് കസ്റ്റമേഴ്സിന് പരമാവധി 22,500 രൂപ വരെ കാഷ് ബാക്ക് നേടാനും അവസരമുണ്ട്. ആനിവേഴ്സറി ഓഫറിൻറെ ഭാഗമായി 10,000 രൂപയ്ക്കു മുകളിൽ വിലയുള്ള ഫോണുകൾക്ക് ഒരു വർഷത്തെ സ്ക്രീൻ ഡാമേജ് പ്രൊട്ടക്ഷൻ സൗജന്യമായി നൽകുന്നു. സ്മാർട്ട് ഫോണുകളും ലാപ്ടോപ്പും വാങ്ങുന്നവർക്ക് ഉറപ്പായ സമ്മാനങ്ങളും ലഭിക്കും.

# ആകാശ് എജ്യുക്കേഷണൽ സെർവീസസ് ജെഇഇ തയ്യാറെടുപ്പ് പ്രോഗ്രാം ആരംഭിച്ചു

**ന്യൂഡൽഹി:** ടെസ്റ്റ് പ്രിപ്പറേറ്ററി സേവനദാതാക്കളായ ആകാശ് എജ്യുക്കേഷണൽ സെർവീസസ് ലിമിറ്റഡ് (എഇഎസ്എൽ), ജെഇഇ തയ്യാറെടുപ്പിനായി ആകാശ് ഇൻവിക്റ്റസ് അഡ്വാൻസ്ഡ് പ്രോഗ്രാം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. ഐഐടികളിലേക്കോ വിദേശത്തുള്ള പ്രശസ്തമായ സർവകലാശാലകൾക്കോ വേണ്ടി തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് നിർമിത ബുദ്ധി അധിഷ്ഠിത ആകാശ് ഇൻവിക്റ്റസ് പ്രോഗ്രാം. സമാനതകളില്ലാത്ത മെന്റർഷിപ്പ് വാഗ്ദാനം ചെയ്യുന്ന ഈ പ്രോഗ്രാം ഏകദേശം 500 മികച്ച ജെഇഇ ഫാക്കൽറ്റിയെ ഒരുമിച്ച് കൊണ്ടുവരുന്നു. മികച്ച ഐഐടി റാങ്കുകൾ ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്കായി സൂക്ഷ്മമായി രൂപകൽപ്പന ചെയ്തതാണ്. കൃത്യതയിൽ ശ്രദ്ധ




കേന്ദ്രീകരിച്ചതും, എഐ പ്രാപതമാക്കിയതും, അഡാപ്റ്റീവ് തയ്യാറെടുപ്പും ഉറപ്പാക്കുന്ന സംയോജിത ശാരീരിക പഠനവും എക്സ്ക്ലൂസീവ് പഠന വിഭവങ്ങളും ഈ പ്രോഗ്രാമിൽ ഉൾപ്പെടുന്നു.

പതിനൊന്നാം ക്ലാസ് വിദ്യാർത്ഥികൾക്കായി രണ്ട് വർഷത്തെ പ്രോഗ്രാമായും പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മൂന്ന് വർഷത്തെ പ്രോഗ്രാമായും രൂപകൽപ്പന ചെയ്തിരിക്കുന്ന ആകാശ് ഇൻവിക്റ്റസ് ഇന്ത്യയിലെ 25 നഗരങ്ങളിൽ ലഭ്യമാകും.

ജെഇഇ (അഡ്വാൻസ്ഡ്) പരീക്ഷയ്ക്ക് മുമ്പുള്ള അവസാന ഘട്ടങ്ങളിൽ ലക്ഷ്യബോധമുള്ള തയ്യാറെടുപ്പിന് പ്രാധാന്യം നൽകുന്ന ഒരു സമഗ്രമായ പുനരവലോകനവും പരിശോധനാ മൊഡ്യൂളും കർശനമായ പ്രോഗ്രാമിൽ ഉൾപ്പെടുന്നു. പ്രത്യേക പാഠ്യപദ്ധതി, സംശയ നിവാരണ സെഷനുകൾ, പ്രകടനം പരമാവധിയാക്കാൻ ലക്ഷ്യമിട്ടുള്ള സൂക്ഷ്മമായി തയ്യാറാക്കിയ ടെസ്റ്റ് പരമ്പര എന്നിവയിൽ നിന്ന് വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കും.

# കല്യാൺ ജുവലേഴ്സിന് 219 കോടി രൂപ ലാഭം




**കൊച്ചി:** ഈ സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ കല്യാൺ ജൂവലേഴ്സിന്റെ ആകെമാന വിറ്റുവരവ് 7287 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം അത് 5223 ആയിരുന്നു. 40 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ആകമാന ലാഭം 219 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ആകമാന ലാഭം 180 കോടി രൂപ ആയിരുന്നു. ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 6393 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 4512 കോടി രൂപയായിരുന്നു. 42 ശതമാനം വളർച്ച. ഇന്ത്യയിൽ നിന്നുള്ള ആകമാന ലാഭം 168 കോടി രൂപയിൽ നിന്നു 218 കോടി രൂപയായി ഉയർന്നു. 26 ശതമാനം വളർച്ച.ഈ സാമ്പത്തിക വർഷത്തിൻറെ മൂന്നാം പാദത്തിൽ കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള വിറ്റുവരവ് 840 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ അത് 683 കോടി രൂപ ആയിരുന്നു മൂന്നാം പാദത്തിൽ കമ്പനിയുടെ ഗൾഫ് മേഖലയിൽ നിന്നുള്ള ലാഭം 15 കോടി രൂപയാണ്. കഴിഞ്ഞ വർഷം 14 കോടി രൂപ ആയിരുന്നു. ഈ വർഷത്തെ ഇതുവരെ ഉള്ള കമ്പനിയുടെ പ്രവർത്തനം വളരെ സംതൃപ്തി നല്കുന്നതായിരുന്നുവെന്നും ആദ്യ ഒമ്പത് മാസങ്ങളിൽ ആകമാന വിറ്റുവരവിൽ ഏകദേശം 35 ശതമാനം വളർച്ച രേഖപ്പെടുത്തിയെന്നും കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രമേശ് കല്യാണരാമൻ പറഞ്ഞു.



# ബിഇ എനർജിയുമായി പങ്കാളിത്തം പ്രഖ്യാപിച്ച് പ്യൂർ ഇവി

**കൊച്ചി :** ഇലക്ട്രിക് ഇരുചക്രവാഹന നിർമ്മാതാക്കളായ പ്യൂർ ഇവി, ഫ്രാൻസിലെ ബിഇ എനർജി യുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഇലക്ട്രിക് മൊബിലിറ്റിയുടെ സുസ്ഥിരതയും ഡീകാർബണൈസേഷൻ ശ്രമങ്ങളും വർധിപ്പിച്ച് ഇന്ത്യൻ വിപണിയിൽ നൂതന ലിഥിയംഅയോൺ ബാറ്ററി റീകണ്ടീഷനിംഗ് സാങ്കേതികവിദ്യ ഈ സഖ്യം കൊണ്ടുവരും. ബാറ്ററി റീകണ്ടീഷനിംഗിൽ ആഗോളതലത്തിൽ മുൻനിരയിലുള്ള ബിഇ എനർജി ഈ പങ്കാളിത്തത്തോടെ ഇന്ത്യയിൽ പ്രവർത്തനങ്ങൾ ആരംഭിക്കും. ഇന്ത്യയിലെ ലിഥിയം അയോൺ ബാറ്ററി റീകണ്ടീഷനിംഗ് രംഗത്തെ ആദ്യത്തെ കമ്പനിയാവുക എന്നതാണ് പങ്കാളിത്ത ലക്ഷ്യം. ആദ്യ ഫെസിലിറ്റി തെലങ്കാനയിലെ ഹൈദരാബാദിലെ കർമൻഘട്ട് ഐഡിഎയിൽ 2026 സാമ്പത്തിക വർഷത്തിൽ ആരംഭിക്കും.ഈ പങ്കാളിത്തം പ്യൂർ ഇവിയുടെ ദീർഘകാലം നിലനില്ക്കുന്നതും മൂല്യവുമുള്ള ഇലക്ട്രിക് വാഹനങ്ങൾ സൃഷ്ടിക്കുക എന്ന കാഴ്ചപാടിനോട് പൂർണ്ണമായി യോജിക്കുന്നുവെന്ന് പ്യൂർ ഇവി സ്ഥാപകനും എംഡിയുമായ ഡോ. നിശാന്ത് ഡോംഗാരി പറഞ്ഞു

# പുതിയ പാക്കേജിംഗുമായി ഇന്ത്യാ ഗേറ്റ് ബസ്മതി റൈസ്

**കൊച്ചി:** ഭക്ഷ്യവ്യവസായ രംഗത്തെ മുൻനിരക്കാരായ കെആർബിഎൽ ലിമിറ്റഡിന്റെ ഉത്പന്നമായ ഇന്ത്യാ ഗേറ്റ് ബസ്മതി റൈസ് പുതിയ പാക്കേജിംഗ് അവതരിപ്പിച്ചു. വിശദമായ ഉൽപ്പന്ന വിവരങ്ങളും ക്യുആർ കോഡുകളും ഉൾപ്പെടുത്തിയതാണ് പുതിയ പാക്കേജിംഗ്.ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിനുള്ള ദൗത്യത്തിന്റെ സുപ്രധാന ചുവടുവെപ്പാണ് പുതിയ പാക്കേജിംഗ് എന്ന് കെആർബിഎൽ ലിമിറ്റഡ് ഇന്ത്യ ബിസിനസ് ഹെഡ് ആയുഷ് ഗുപ്ത പറഞ്ഞു. ഗുണനിലവാരത്തോടും പുതുമയോടുമുള്ള സമർപ്പണത്തെ പ്രതിഫലിപ്പിക്കുകയും വിശ്വസനീയമായ ബ്രാൻഡ് എന്ന നിലയിലുള്ള കമ്പനിയുടെ പാരമ്പര്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ ശ്രമമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കായിക, ടൂറിസം വകുപ്പുകളുടെ പിന്തുണയുമായി ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ

**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന് സംസ്ഥാന കായിക, ടൂറിസം വകുപ്പുകളുടെ പിന്തുണ. മാരത്തൺ കേരളത്തിന്റെ കായിക മേഖലയ്ക്ക് വലിയ സംഭാവന ആയിരിക്കും എന്നും കായിക സംസ്കാരം വളർത്താൻ സഹായിക്കും എന്നും കായിക വകുപ്പ് അറിയിച്ചു. കൊച്ചിയെ ആഗോള സ്പോർട്സ് ടൂറിസം ഹബ്ബാക്കി മാറ്റുകയെന്ന ദീർഘകാല ലക്ഷ്യത്തോടെ ടൂറിസം വകുപ്പും മാരത്തണുമായി സഹകരിക്കുന്നു.

ഫെബ്രുവരി 9ന് ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന മാരത്തൺ കൊച്ചിയെ ആഗോള കായിക ഭൂപടത്തിൽ ഉൾപ്പെടുത്തും എന്നതോടൊപ്പം, രാജ്യത്തെ ഏറ്റവും വലിയ ബഹുജന പങ്കാളിത്തമുള്ള സംരംഭമായി മാറ്റുമെന്നാണ് പ്രതീക്ഷ, എന്ന് ഒളിമ്പ്യനും മാരത്തൺ റേസ് ഡയറക്ടറുമായ ആനന്ദ് മെനെസസ് പറഞ്ഞു.

ജനങ്ങൾ നെഞ്ചിലേറ്റിയ മാരത്തൺ ഇന്ന് കൊച്ചിയുടെ സ്വന്തം മാരത്തണായി മാറിയിരിക്കുകയാണ്. 42.195 കി.മീ ഫുൾ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ റൺ, 3 കി.മീ ഗ്രീൻ റൺ എന്നിവയാണ് റേസ് വിഭാഗങ്ങൾ. സ്പോർട്സ് ഭൂപടത്തിൽ കൊച്ചിയെ അടയാളപ്പെടുത്താനുള്ള ഈ ശ്രമം, മാരത്തണുമായി ബന്ധപ്പെട്ട് വിപുലമായ വിനോദസഞ്ചാര പരിപാടികൾക്ക് വഴിയൊരുക്കുമെന്നാണ് ക്ലിയോസ്പോർട്സ് പ്രതീക്ഷിക്കുന്നത്.

# വിദ്യാർത്ഥികൾ റിസ്ക് എടുക്കാൻ തയാറാകണം: സ്പീക്കർ എ.എൻ ഷംസീർ



**കൊച്ചി:** വിദ്യാർത്ഥികൾ ജീവിതത്തിൽ റിസ്ക് എടുക്കാൻ തയ്യാറാകണമെന്ന് സ്പീക്കർ എ.എൻ ഷംസീർ.സർക്കാർ ജോലി സ്വപ്നം കാണുന്നതിനു പകരം ബിസിനസ് ആരംഭിക്കുന്നതിനെക്കുറിച്ചും കമ്പനികൾ തുടങ്ങുന്നതിനെക്കുറിച്ചും വിദ്യാർത്ഥികൾ ചിന്തിക്കണമെന്നും സ്പീക്കർ പറഞ്ഞു. സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025ൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇത് ഭാവിയെക്കുറിച്ചുള്ള ചർച്ചയാണ്. കുട്ടികൾ ഭാവിയുടെ പൗരന്മാരാണ്. നിങ്ങൾ റിസ്ക് എടുക്കാനുള്ള ധൈര്യം കാണിക്കണം. ഒരു രാഷ്ട്രീയക്കാരനെന്ന നിലയിൽ ഞങ്ങൾ റിസ്ക് എടുത്തു. ഞങ്ങൾ അതിൽ തന്നെ തുടർന്നു. രാഷ്ട്രീയക്കാരന്റെ ജീവിതം വളരെ റിസ്ക് പിടിച്ചതാണ്. ഇത് 2025 ആയി, തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. മത്സരിക്കണം, ജയിക്കണം. വലിയ റിസ്ക് ആണെന്നനും ഷംസീർ പറഞ്ഞു. ഇനി സീറ്റ് കിട്ടുമോ? അഥവാ കിട്ടിയാൽ ജയിക്കുമോ? എന്നാണ് എന്നെപ്പോലുള്ള രാഷ്ട്രീയക്കാരുടെ ചിന്ത. കേരളത്തിൽ രാഷ്ട്രീയ കോട്ടകളില്ല. അതുകൊണ്ടാണ് റിസ്ക് എന്ന് പറഞ്ഞത്. കേരളത്തിലെ ശരാശരി വിദ്യാർത്ഥികളുടെ ലക്ഷ്യം സർക്കാർ ജോലിയാണ്. ഈ ചിന്താഗതി മാറണം. താൻ അഭിപ്രായം വെട്ടിത്തുറന്ന് പറയുന്ന ആളാണ്. നിങ്ങൾ കമ്പനി തുടങ്ങണം, ബിസിനസ് തുടങ്ങണം. റിസ്ക് എടുത്തവർ മാത്രമെ ജീവിതത്തിൽ വിജയിച്ചിട്ടുള്ളൂ എന്ന് നിങ്ങൾ മനസിലാക്കണമെന്നും വിദ്യാർത്ഥികളോട് സ്പീക്കർ പറഞ്ഞു.വെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിക്കാൻ പുതിയ തലമുറ പഠിക്കേണ്ടതുണ്ട്. ഇന്ത്യൻ വിദ്യാഭ്യാസ രീതിയിൽ മാറ്റം വരണം. നമ്മുടെ കുട്ടികൾ സ്വയംപര്യാപ്തരാകണം. എട്ട് മണി മുതൽ 2 വരെ മതി പഠനം. ബാക്കിയുള്ള സമയം കുട്ടികളെ തൊഴിൽ ചെയ്യാൻ പ്രേരിപ്പിക്കണം. നിങ്ങൾ ജോലിചെയ്തുണ്ടാക്കുന്ന പണം കൊണ്ട് വിദ്യാഭ്യാസം നേടുന്ന രീതി വരണം. ജെയിൻ യൂണിവേഴ്സിറ്റി ഇതിൽ മാതൃകയാകണം. അങ്ങനെയായാൽ കാമ്പസ് കൂടുതൽ മെച്ചപ്പെടുമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

# ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ കുട്ടികൾക്കായി റോഡ് സുരക്ഷാ വിദ്യാഭ്യാസം സംഘടിപ്പിക്കുന്നു



**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ കുട്ടികൾക്ക് വേണ്ടിയുള്ള റോഡ് സുരക്ഷാ വിദ്യാഭ്യാസ പരിപാടി കിഡ്സ് കാർണിവൽ സംഘടിപ്പിക്കുന്നു.

ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ നാല് പ്ലാന്റുകൾ സ്ഥിതി ചെയ്യുന്ന തപുകര (രാജസ്ഥാൻ), വിത്തലാപൂർ (ഗുജറാത്ത്), നർസപുര (കർണാടക) എന്നിവിടങ്ങളിലാണ് കിഡ്സ് കാർണിവൽ സംഘടിപ്പിച്ചത്, ഹരിയാനയിലെ ഗുരുഗ്രാമിലെ ഐഎംടി മനേസറിലുള്ള കമ്പനിയുടെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിലാണ് ഇതിന്റെ സമാപനം. റോഡ് സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സംവേദനാത്മകവും രസകരവുമായ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗതാഗത നിയമങ്ങളും റോഡ് അടയാളങ്ങളും മുതൽ റോഡുകളിലെ ഉത്തരവാദിത്തമുള്ള പെരുമാറ്റത്തിന്റെ പ്രാധാന്യം വരെ, കുട്ടികൾക്ക് പങ്കാളികൾക്ക് ആകർഷകമായ രീതിയിൽ പരിചയപ്പെടുത്തി.

അവശ്യ ഗതാഗത സുരക്ഷാ പരിജ്ഞാനം നൽകി യുവ മനസ്സുകളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പരിപാടി, 2050 ആകുമ്പോഴേക്കും ട്രാഫിക് കൂട്ടിയിടി മരണങ്ങൾ പൂജ്യം ആക്കുക എന്ന ഹോണ്ടയുടെ ആഗോള ദർശനവുമായി യോജിക്കുന്നു. 2030 ആകുമ്പോഴേക്കും റോഡപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്ന ഇന്ത്യാ ഗവൺമെന്റിന്റെ ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതിനൊപ്പം, റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിൽ എച്ച്എംഎസ്ഐ ഗണ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

കിഡ്സ് കാർണിവൽ പ്രവർത്തനത്തിൽ സർക്കാർ, പ്രൈമറി സ്കൂളുകളിൽ നിന്നുള്ള 1100ലധികം വിദ്യാർത്ഥികളും അധ്യാപകരും ഒന്നിച്ച് യുവമനസ്സുകൾക്കിടയിൽ റോഡ് സുരക്ഷാ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ. 5 മുതൽ 6 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ അവരുടെ അധ്യാപകരോടൊപ്പം റോഡ് സുരക്ഷാ അംബാസഡർമാരായി അവരെ പഠിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത സംവേദനാത്മക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.

സ്കൂൾ കുട്ടികൾ മുതൽ കോർപ്പറേറ്റ് ജീവനക്കാർ വരെയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും റോഡ് സുരക്ഷാ അവബോധം വ്യാപിപ്പിക്കുന്നതിന് എച്ച്എംഎസ്ഐ സന്നദ്ധമാണ്. സുരക്ഷാ ഇൻസ്ട്രക്ടർമാരുടെ ഒരു ടീമിനൊപ്പം, ഇന്ത്യയിലുടനീളമുള്ള 10 തെരഞ്ഞെടുത്ത ട്രാഫിക് പരിശീലന പാർക്കുകളിലും 6 സുരക്ഷാ ഡ്രൈവിംഗ് വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ദിവസേന റോഡ് സുരക്ഷാ വിദ്യാഭ്യാസ പരിപാടികൾ നടത്തുന്നു. ഇതു വരെ, ഈ സംരംഭം 90 ലക്ഷത്തിലധികം ഇന്ത്യക്കാരിൽ എത്തിയിട്ടുണ്ട്.



# ഐ.സി.ടി. അക്കാദമി ഓഫ് കേരളയും കുസാറ്റും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചു

**കൊച്ചി:** കേരളത്തിലെ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, യു.എൽ. സൈബർപാർക്ക് എന്നീ ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചു വരുന്ന ഐ.സി.ടി. അക്കാദമി ഓഫ് കേരളയും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും ചേർന്ന് ധാരാണാപത്രത്തിൽ ഒപ്പുവെച്ചു. പഠന മികവ് ഉയർത്തുക, നൈപുണ്യ വികസനം, വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ എന്നിവ ലക്ഷ്യമിട്ടാണ് കുസാറ്റും ഐ.സി.ടി. അക്കാദമിയും സഹകരിക്കുന്നത്. കുസാറ്റ് ക്യാമ്പസിൽ വച്ച് നടന്ന ചടങ്ങിൽ വൈസ്ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി, രജിസ്ട്രാർ ഡോ. അരുൺ എ.യു., ഐ.സി.ടി. അക്കാദമി ഓഫ് കേരളയുടെ സി.ഇ.ഓ. മുരളീധരൻ മന്നിങ്കൽ എന്നിവർ ചേർന്ന് ധാരണാപത്രം കൈമാറി.കുസാറ്റ് ഐ.ടി. വിഭാഗം മേധാവി ഡോ. സന്തോഷ് കുമാർ എം.ബി., ഡോ. ദലീഷ എം. വിശ്വനാഥൻ (പ്രോഗ്രാം കോർഡിനേറ്റർ), കൂടാതെ ഐ.സി.ടി. അക്കാദമിയിൽ നിന്നും അക്കാദമിക് ഓപ്പറേഷൻ മേധാവി ശ്രീ. സാജൻ എം., ശ്രീ. റിജി എൻ. ദാസ് (നോളജ് ഓഫീസ് ഹെഡ്), ശ്രീ. സിഞ്ജിത്ത് എസ്. (ലീഡ്, പ്രോജകറ്റ് & റീജിയണൽ മാനേജർ) എന്നിവർ ചടങ്ങിൽ പങ്കെടുത്തു

# ശ്രീജി ഷിപ്പിംഗ് ഗ്ലോബൽ ഐപിഒയ്ക്ക്

**കൊച്ചി:** ഡ്രൈ ബൾക്ക് കാർഗോയ്ക്ക് ഷിപ്പിംഗും ലോജിസ്റ്റിക് സൊല്യൂഷനും നൽകു ശ്രീജി ഷിപ്പിംഗ് ഗ്ലോബൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

2 കോടി പുതിയ ഇക്വിറ്റി ഓഹരികളാണ് പൂർണ്ണമായും ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐപിഒയിൽ നി് സമാഹരിക്കുന്ന തുകയിൽ നിന്ന് 289.4 കോടി രൂപ സെക്കൻഡറി വിപണിയിലെ സുപ്രമാക്സ് വിഭാഗത്തിൽ ഡ്രൈ ബൾക്ക് കാരിയറുകൾ ഏറ്റെടുക്കുന്നതിനും 19.5 കോടി രൂപ കടം തിരിച്ചടയ്ക്കുന്നതിനും ഉപയോഗിക്കാനുമാണ് കമ്പനി ലക്ഷ്യമിടുന്നത്.

ബീലൈൻ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എലാര കാപിറ്റൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഓപ്പോ റെനോ 13 സീരീസ് ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി :** ഓപ്പോ റെനോ 13 സീരീസ് ഇന്ത്യയിൽ അവതരിപ്പിച്ചു.നൂതന ക്യാമറ സംവിധാനം, ഇമേജിംഗ്, പ്രൊഡക്റ്റിവിറ്റി ആവശ്യങ്ങൾക്കായി സമഗ്രമായ എഐ ഫീച്ചറുകൾ, മീഡിയ ഡിമെൻസിറ്റി 8350 എസ്ഒസി, ഓൾറൗണ്ട് പെർ ഫോമൻസിനായി 80വാട്സ് സൂപ്പർ വൂക് ഫാസ്റ്റ് ചാർജിംഗ് എന്നിവ ഉൾക്കൊള്ളുന്ന റെനോ 13 സീരീസ് റെനോ 13, റെനോ 13 പ്രൊ സ്മാർട്ട് ഫോണുകളാണ് ഓപ്പോ ഇന്ത്യ പുറത്തിറക്കിയത്. വെള്ളവും പൊ ടിയും പ്രതിരോധിക്കുന്നതിന് ഐപി66, ഐപി68, ഐപി69 സർട്ടിഫിക്കേഷനുകൾ സഹിതം അൾട്രാഡ്യൂറബിൾ ബോഡിയും ഉണ്ടെന്ന് കമ്പനി അധികൃതർ പറഞ്ഞു. രണ്ട് വേരിയന്റുകളിൽ റെനോ 13 പ്രൊ 5ജി ലഭ്യമാണ്: 12ജിബി +256ജിബി വേരിയന്റിന് 49,999 രൂപയും 12ജിബി +512ജിബി വേരിയന്റിന് 54,999 രൂപ യുമാണ് വില. ഞലിീ13 5ഏ യുടെ 8ജിബി + 128ജിബി വേരിയന്റിന് 37,999 രൂപയും 8ഏആ + 256ജിബി വേരിയന്റിന് 39,999 രൂപയുമാണ് വില.

# കെപിഐടിയുടെ അറ്റാദായത്തിൽ 20.4 ശതമാനം വർധനവ്

**കൊച്ചി:** ആഗോള വാഹന സോഫ്റ്റ് വെയർ രംഗത്തെ മുൻനിരക്കാരായ കെപിഐടിയുടെ അറ്റാദായം നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസം 20.4 ശതമാനം വർധനവോടെ 187 കോടി രൂപയിലെത്തി. വരുമാനം 17.6 ശതമാനം വർധനവോടെ 1,478 കോടി രൂപയിലെത്തി.മൂന്നാം ത്രൈമാസത്തേക്കുള്ള സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ച കമ്പനി ഓഹരി ഒന്നിന് 2.50 രൂപ വീതം ഇടക്കാല ലാഭവിഹിതവും പ്രഖ്യാപിച്ചിട്ടുണ്ട്.വാഹന മേഖലയ്ക്ക് പ്രത്യേകമായുള്ള ഡാറ്റയിലൂടെ സൂക്ഷ്മമായി ക്രമീകരിച്ച എഐ സാങ്കേതികവിദ്യകളിൽ നിക്ഷേപിക്കുന്നു. തങ്ങളുടെ എഐ തത്വം ഉപഭോക്താക്കൾക്ക് മൂല്യവർദ്ധനവ് നൽകുന്ന മനുഷ്യ കേന്ദ്രീകൃതവും നൂതനവും സുരക്ഷിതവും ഉത്തരവാദിത്തമുള്ളതുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ അധിഷ്ഠിതമാണെന്ന്കെപിഐടി സഹസ്ഥാപകനും സിഇഒയും എംഡിയുമായ കിഷോർ പാട്ടീൽ പറഞ്ഞു.തങ്ങൾ ട്രക്കുകളും ഓഫ്ഹൈവേ വിഭാഗങ്ങളും പോലുള്ള പുതിയ ഉപവിഭാഗങ്ങൾ വികസിപ്പിച്ചു വരികയാണ്. ഈ നിക്ഷേപങ്ങളിലൂടെ ഗണ്യമായ അവസരങ്ങളുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൻറെ രണ്ടാം പകുതി മുതൽ ഇവ തങ്ങളുടെ വളർച്ചയ്ക്ക് സഹായകമാകുമെന്ന് കെപിഐടി പ്രസിഡൻറും ജോയിൻറ് മാനേജിങ് ഡയറക്ടറുമായ സച്ചിൻ ടികേകർ പറഞ്ഞു.

# ഹിറ്റ് ആന്റി റോച്ച് ജെൽ പായ്ക്കുമായി ഗോദ്റെജ്




**കൊച്ചി:** പാറ്റ ശല്യം ഒഴിവാക്കുന്നതിനായി ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) പുതിയ ഹിറ്റ് ആന്റിറോച്ച് ജെൽ പായ്ക്ക് അവതരിപ്പിച്ചു. പാറ്റകളെ അകറ്റാൻ വ്യാപകമായി ഉപയോഗിക്കുന്ന ഹിറ്റിന്റെ മറ്റൊരു വകഭേദമാണിത്. ഒരു തവണ ഉപയോഗിച്ചാൽ 45 ദിവസം വരെ സംരക്ഷണം വാഗ്ദാനം ചെയ്യുന്ന ഹിറ്റ് ആന്റിറോച്ച് ജെൽ പായ്ക്കിന്റെ 15 ഗ്രാമിന് 99 രൂപയാണെന്ന് ജിസിപിഎൽ ഹോം കെയർ മാർക്കറ്റിംഗ് മേധാവി ശിൽപ സുരേഷ് പറഞ്ഞു.

കൊതുകിനെ പോലെ നിരവധി രോഗങ്ങൾ പരത്താൻ കെൽപ്പുള്ളവയാണ് പാറ്റകളും. വീടുകളിൽ പ്രത്യേകിച്ച് അടുക്കളകളിൽ പാറ്റകളുടെ ശല്യം ഇല്ലാതാക്കുന്നതിനായി വിശ്വസനീയവും ഫലപ്രദവുമായ ഒരു പരിഹാരം നൽകുകയാണ് ഹിറ്റിന്റെ അവതരണത്തിലൂടെ ലക്ഷ്യമിടുന്നതെന്നുംശിൽപ സുരേഷ് പറഞ്ഞു.

# ക്രിട്ടിക്കൽ ഇൽനെസ് ബെനിഫിറ്റ് റൈഡറുമായി ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ലൈഫ് പുതിയ ക്രിട്ടിക്കൽ ഇൽനെസ് ബെനിഫിറ്റ് റൈഡർ അവതരിപ്പിച്ചു. ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന ഉപയോക്താക്കളുടെ സാമ്പത്തിക പരിരക്ഷ ശക്തിപ്പെടുത്തുന്നതിന് രൂപകൽപ്പന ചെയ്ത പോളിസി ആണിതെന്ന് ബജാജ് അലയൻസ് ലൈഫ് എംഡിയും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.സമ്പാദ്യത്തിന് പരിക്ക് പറ്റാതെ രോ?ഗം മൂലമുണ്ടാകുന്ന പ്രതിസന്ധിഘട്ടം തരണം ചെയ്യാൻ പോളിസി ഉടമകളെ സഹായിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

മെഡിക്ലെയിം ഇല്ലാത്തവർക്ക് ചികിത്സ ആവശ്യമായി വരുന്ന അടിയന്തരഘട്ടത്തിൽ ഇതൊരു സാമ്പത്തിക ആശ്രയമായി പ്രവർത്തിക്കും. അടിസ്ഥാന മെഡിക്ലെയിം പോളിസി മാത്രം ഉള്ളവർക്ക് അതിലേറെ ചികിത്സാ ചെലവ് വരുമ്പോൾ പോളിസി പരിധികളും യഥാർത്ഥ ചികിത്സാ ചെലവുകളും തമ്മിലുള്ള അന്തരം മറികടക്കാൻ ഇത് സഹായിക്കും. ഉയർന്ന മെഡിക്ലെയിം പരിരക്ഷയുള്ളവരുടെ കാര്യത്തിൽ ഇത് വരുമാനനഷ്ടം നികത്തുന്നതിലൂടെ അവരുടെ സാമ്പത്തിക സ്ഥിരത ഉറപ്പ് വരുത്തുകയും ചെയ്യും.18 മുതൽ 80 വയസ്സ് വരെയുള്ളവർക്ക് ക്യാൻസർ, ഹൃദയാഘാതം, സ്ട്രോക്ക് എന്നിവ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ഇതിലൂടെ പരിരക്ഷ നേടാം. ഗുരുതരം (10 ഗുരുതര രോഗങ്ങൾക്ക്), കൂടുതൽ മികച്ചത് (25 ഗുരുതര രോഗങ്ങൾക്ക്), സമഗ്രമായത് (60 ഗുരുതര രോഗങ്ങൾക്ക്) എന്നിങ്ങനെ മൂന്ന് ഓപ്ഷനുകളിൽ നിന്ന് ആവശ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്. യോഗ്യത അനുസരിച്ച് നികുതി ഇളവുകൾ ലഭ്യമാകും. രജിസ്റ്റർ ചെയ്ത സേവന ദാതാക്കളിൽ നിന്ന് ചികിത്സയ്ക്കായി അഭിപ്രായം നേടുന്നതിനും ഇതിൽ സൗകര്യമുണ്ടെന്നും തരുൺ ചുഗ് പറഞ്ഞു.




# അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ കുറഞ്ഞ ചിലവിൽ ആൻജിയോഗ്രാം പരിശോധന

**കൊച്ചി:** അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുറഞ്ഞ ചിലവിൽ ആൻജിയോഗ്രാം പരിശോധന നടത്താനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു. 555 രൂപയ്ക്ക് ആൻജിയോഗ്രാം പരിശോധന വാഗ്ദാനം ചെയ്യുകയാണ് അപ്പോളോ അഡ്‌ലക്സ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 രോഗികൾക്കാണ് 555 രൂപയ്ക്ക് ആൻജിയോഗ്രാം പരിശോധന സാധ്യമാവുക. മുൻകാലങ്ങളിലെന്നതുപോലെ സാമൂഹിക പ്രതിബദ്ധത ഉറപ്പാക്കിക്കൊണ്ട് ഇത്തരത്തിൽ നിരവധി പദ്ധതികൾ തുടർന്നും അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് സി.ഒ.ഒ ഡോ. ഷുഹൈബ് ഖാദർ പറഞ്ഞു.

# ഗോ പ്ലാനറ്റ്ഡി പരിസ്ഥിതി സംരക്ഷണ പാദരക്ഷ ബ്രാൻഡാകും

**കൊച്ചി:** പുനരുപയോഗം ലക്ഷ്യമിട്ട് പുറത്തിറങ്ങുന്ന ഡെബോംഗോയുടെ ഗോ പ്ലാനറ്റ്ഡി ലോകത്തിലെ ആദ്യത്തെ പരിസ്ഥിതി സംരക്ഷണ പാദരക്ഷ ബ്രാൻഡായി മാറാനൊരുങ്ങുന്നു. പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ പുനരുപയോഗം നടപ്പിലാക്കുന്ന ആഗോളതലത്തിലെ ആദ്യ ബ്രാൻഡെന്ന ബഹുമതിയാണ് ഇന്ത്യൻ ബ്രാൻഡായ ഗോ പ്ലാനറ്റ്ഡിയെ തേടിയെത്തുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു.100 ശതമാനം പുനരുപയോഗം നടത്താനും അതുവഴി പാരിസ്ഥിതിക സൗഹൃദ ബ്രാൻഡായി തുടരാനുമാണ് ഗോ പ്ലാനറ്റ്ഡി ലക്ഷ്യമിടുന്നത്. പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും പാദരക്ഷ വ്യവസായത്തിൽ പരിസ്ഥിതി സൗഹൃദ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഡെബോംഗോയുടെ ഗോ പ്ലാനറ്റ്ഡി ലക്ഷ്യമിടുന്നു, പ്രകൃതി വിഭവങ്ങളുടെ ശോഷണം തടയാനും സുസ്ഥിരത നിലനിർത്താനും ഇതിലൂടെ കഴിയുമെന്ന് കമ്പനി അധികൃതർ പറയുന്നു. 100 ശതമാനം പുനരുപയോഗം ചെയ്യാവുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഗോ പ്ലാനറ്റ്ഡി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത്. ഉപയോഗശൂന്യമായ ഗോ പ്ലാനറ്റ്ഡി പാദരക്ഷകൾ ഒരു നിശ്ചിത വിലയ്ക്ക് കമ്പനി തിരികെ വാങ്ങുകയും റീസൈക്കിൾ ചെയ്ത് പുതിയ ഉൽപ്പന്നങ്ങളാക്കി വിപണിയിലിറക്കുകയും ചെയ്യുമെന്ന് വികെസി മാനേജിംഗ് ഡയറക്ടർ വികെസി റസാഖ് പറഞ്ഞു.

# കോട്ടയത്ത് കെഫോൺ പദ്ധതി വഴി നൽകിയത് 7297 കണക്ഷനുകൾ

**കോട്ടയം:** വീടുകളിലും ഓഫീസുകളിലും വാണിജ്യ സ്ഥാപനങ്ങളിലുമൊക്കെയായി കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് കണക്ഷനായ കെഫോൺ കണക്ഷനുകൾ ജില്ലയിൽ വർധിക്കുന്നു. സാധാരണക്കാർക്ക് ഏറ്റവും മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം നൽകുന്നുവെന്ന നിലയിലാണ് കെഫോൺ ജനങ്ങളെ ആകർഷിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കി. കോട്ടയത്ത് കെഫോൺ പദ്ധതി വഴി 7297 കണക്ഷനുകൾ ഇതിനോടകം നൽകി. ജില്ലയിൽ ഇതുവരെ 2189.19 കിലോമീറ്റർ കേബിളുകളാണ് സ്ഥാപിച്ചത്. കെഎസ്ഇബി ട്രാൻസ്മിഷൻ ടവറുകളിലൂടെ 186.48 കിലോമീറ്റർ ഒപിജിഡബ്ല്യു കേബിളുകളും 2012.33 കിലോമീറ്റർ എഡിഎസ്എസ് കേബിളുകൾ കെഎസ്ഇബി പോസ്റ്റുകൾ വഴിയുമാണ് കേബിൾ സ്ഥാപിച്ചത്. ജില്ലയിൽ 1652 സർക്കാർ ഓഫീസുകൾ ഇപ്പോൾ കെഫോൺ നെറ്റ്‌വർക്കാണ് ഉപയോഗിക്കുന്നത്. കോട്ടയം കലക്ടറേറ്റ്, അക്ഷരം മ്യൂസിയം, ഡി.സി ബുക്സ് ഹെഡ് ഓഫീസ്, വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം തുടങ്ങിയ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ കെഫോൺ കണക്ഷൻ നൽകി. ജില്ലയിലെ മലയോര മേഖലകളായ കണമല, തുലാപ്പള്ളി, കോരിത്തോട് തുടങ്ങിയ സ്ഥലങ്ങളിലടക്കം കെഫോൺ ആയിരത്തിലധികം കണക്ഷൻ നൽകിക്കഴിഞ്ഞു.

ജില്ലയിൽ ആകെ 302 ബിപിഎൽ വീടുകളിലാണ് കെഫോൺ കണക്ഷനുള്ളത്. 5343 വാണിജ്യ കണക്ഷനുകളും ജില്ലയിൽ നൽകി. പ്രാദേശിക ഓപ്പറേറ്റർമാർ വഴിയാണ് വാണിജ്യ കണക്ഷനുകൾ നൽകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 171 ലോക്കൽ നെറ്റുവർക്ക് ഓപ്പറേറ്റർമാർ ഇതിനായി കെഫോണുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കണക്ഷനുകൾക്ക് വേണ്ടി പുതിയ രജിസ്ട്രേഷനുകളും വരുന്നുണ്ട്. ഒരു ഐ.എൽ.എൽ കണക്ഷനും 19 എസ്.എം.ഇ കണക്ഷനുകളും ജില്ലയിൽ നൽകി. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം.

# കോളേജ് വിദ്യാർത്ഥികൾക്ക് ടെക് പൾസ് ഹാക്കത്തോൺ

**കൊച്ചി:** സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്ക് യുഎൽ ടെക്നോളജി സൊല്യൂഷൻസും യുഎൽ സൈബർപാർക്കും ചേർന്ന് 'ടെക് പൾസ്' എന്നു പേരിൽ ഹാക്കത്തോൺ സംഘടിപ്പിക്കുന്നു. ഊരാളുങ്കൽ സൊസൈറ്റിയുടെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമാണ് സൊസൈറ്റിയുടെ ഉപസ്ഥാപനങ്ങൾ നടത്തുന്ന ടെക് പൾസ്. ഫെബ്രുവരി 15 മുതൽ 17 വരെ കോഴിക്കോട്ടെ യുഎൽ സൈബർപാർക്കിലാണു ഹാക്കത്തോൺ.സംസ്ഥാനത്തെ എല്ലാ കോളേജിലെയും സാങ്കേതികവിദ്യാർത്ഥികൾക്കു പങ്കെടുക്കാം. അഞ്ചുപേർ അടങ്ങുന്ന ടീമുകളായാണു പങ്കെടുക്കേണ്ടത്. ഓരോ സ്ഥാപനത്തിനും ഓരോ ടീമിനെ നിർദ്ദേശിക്കാം. ഇവർ ഫെബ്രുവരി 5നകം പ്രൊപ്പോസലുകൾ അയയ്ക്കണം. നിർദ്ദിഷ്ട വിഷയങ്ങളിൽ ഏതിലെങ്കിലും ആയിരിക്കണം പ്രൊപ്പോസൽ. വിദഗ്ദ്ധപരിശോധനയിലൂടെ തെരഞ്ഞെടുക്കുന്ന 15 ടീമുകൾക്കാണ് അവസരം. ഈ ടീമുകൾ തങ്ങളുടെ സാങ്കേതികമികവു വെളിവാക്കുന്ന സൊല്യൂഷനുകൾ ജൂറിക്കുമുന്നിൽ അവതരിപ്പിക്കണം. വിജയികളായ ടീമുകൾക്ക് 1.5 ലക്ഷം രൂപയുടെ സമ്മാനത്തുക വിതരണം ചെയ്യുമെന്നും സംഘാടകർ വ്യക്തമാക്കി.




# എസ് ഐ ബി ടവർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കാക്കനാടുള്ള പുതിയ ഓഫീസ്, എസ് ഐ ബി ടവർ ചെയർമാൻ വി ജെ കുര്യൻ, ഉദ്ഘാടനം ചെയ്തു. ബോർഡ് അംഗങ്ങൾ, മുൻകാല ഡയറക്ടർമാർ, മുൻ ജീവനക്കാർ, ഉപഭോക്താക്കൾ, ഓഹരി ഉടമകൾ എന്നിവർ പങ്കെടുത്ത ചടങ്ങിൽ ബാങ്കിന്റെ 96ാം സ്ഥാപകദിനാഘോഷം നടന്നു. ശതാബ്ദിയിലേക്ക് അടുക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രവർത്തനങ്ങളിലെ നാഴികക്കല്ലാണ് കാക്കനാടുള്ള 'എസ് ഐ ബി ടവർ' എന്ന് ചെയർമാൻ വി ജെ കുര്യൻ പറഞ്ഞു. എല്ലാ ജീവനക്കാരെയും ഉൾക്കൊള്ളുന്ന തരത്തിൽ പുരോഗമനപരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിച്ചും ഉപഭോക്തൃ സേവന പ്രവത്തനങ്ങളിലെ കാര്യക്ഷമത വർധിപ്പിച്ചും കൂടുതൽ കരുത്തോടെ മുന്നേറാനുള്ള ബാങ്കിന്റെ ചുവടുവെയ്പ്പാണ് ഈ പുതിയ ഓഫീസ് തുറക്കുന്നതിലൂടെ യഥാർഥ്യമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ പി ആർ ശേഷാദ്രി അധ്യക്ഷത വഹിച്ചു. 2 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ പന്ത്രണ്ട് നിലകളിലായാണ് 'എസ് ഐ ബി ടവർ' നിലകൊള്ളുന്നത്. 1200 ജീവനക്കാർക്കുള്ള വർക്ക് സ്പേസിന് പുറമെ മെഗാ കറൻസി ചെസ്റ്, ബ്രാഞ്ച് ഓഫീസ്, അനുബന്ധ ഓഫീസുകൾ തുടങ്ങിയ വിപുലമായ സൗകര്യങ്ങളാണ് ഇവിടെ ഉള്ളത്. അത്യാധുനിക പാർക്കിംഗ് സംവിധാനങ്ങൾ ഉള്ള ബേസ്മെന്റ്, വിശാലമായ ഓഡിറ്റോറിയം, ഓഡിയോ വിഷ്വൽ സൗകര്യമുള്ള ബോർഡ്റൂം, 9 മീറ്റിംഗ് റൂമുകൾ, 3 ഇന്റർവ്യൂ റൂമുകൾ എന്നിവയും ഈ ബിൽഡിംഗിൽ ഒരുക്കിയിട്ടുണ്ട്.



# തിരുവനന്തപുരത്ത് റീടെയിൽ ഷോറൂം തുറന്ന് കീർത്തിലാൽസ്

**തിരുവനന്തപുരം:** ആഡംബര ആഭരണ ബ്രാൻഡായ കീർത്തിലാൽസിന്റെ പതിനഞ്ചാമത് റീടെയ്ൽ ഷോറൂം തിരുവനന്തപുരത്ത് തുറന്നു. പട്ടം മിൽമ ഭവന് എതിർവശത്താണ് 1700 ച അടി വിസ്തൃതിയിൽ പുതിയ ഷോറൂം തുറന്നിരിക്കുന്നത്.

കീർത്തിലാൽസിനെ പ്രസിദ്ധമാക്കിയ സ്വന്തം ആഭരണ നിർമാണ സൗകര്യങ്ങളുടെ പിൻബലത്തിൽ മികച്ച ഡിസൈനുകളിലുള്ള വജ്ര, സ്വർണ ആഭരണങ്ങളാണ് പുതിയ ഷോറൂമിലും അവതരിപ്പിക്കുന്നതെന്ന് കീർത്തിലാൽസ് സ്ട്രാറ്റജി ഡയറക്ടർ സൂരജ് ശാന്തകുമാർ പറഞ്ഞു. പ്രത്യേക ബ്രൈഡൽ സ്റ്റുഡിയോയും ഇതോടൊപ്പം തുറന്നിട്ടുണ്ട്. നിത്യോപയോഗത്തിനുള്ള ആഭരണങ്ങൾ മുതൽ വിവാഹവാശ്യങ്ങൾക്കുള്ള ബ്രൈഡൽ ശേഖരം വരെ ഒരിടത്ത് ലഭ്യമാക്കും വിധമാണ് രൂപകൽപ്പന.

വിപുലമായ ബ്രൈഡൽ സെറ്റുകൾ, വളകൾ, നെക്ലേസുകൾ, കമ്മലുകൾ എന്നിവ ഉൾപ്പെടെ ബ്രൈഡൽ ആക്സസറികളുടെ വലിയ ശേഖരമാണ് ബ്രൈഡൽ സ്റ്റുഡിയോയുടെ സവിശേഷത.

കാരറ്റിന് 8,500 രൂപ വരെ കിഴിവും 4 പവന്റെ സൗജന്യ സ്വർണ്ണ നാണയങ്ങളും ഉൾപ്പെടുന്ന ഉദ്ഘാടന ഓഫാറും പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 20 വർഷമായി കേരളത്തിലുള്ള കീർത്തിലാൽസിന് തലസ്ഥാന നഗരിയിൽ ഷോറൂമും ബ്രൈഡൽ സ്റ്റുഡിയോയും തുറക്കാനായതിൽ ഏറെ സന്തോഷമുണ്ടെന്ന് ഡയറക്ടർ സീമ മേത്ത പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com